# ബെഥേൽ പത്രിക

ലക്കം 10

വാല്യം 9

ഒക്ടോബർ 1996



## ഓർമ്മപെരുനാൾ

(നവംബർ 2, 3)

# ബഥേൽ പത്രിക

(ചെങ്ങന്നൂർ മെത്രാസന കേന്ദ്രത്തിൽ നിന്നും പ്രസിദ്ധീകരിക്കുന്നത്.)

★ ഒക്ടോബർ 1996 ★

## ☞ ഉള്ളടക്കം ☜


മുഖമൊഴി

ഇടയലേഖനം

| | | |
|---|---|---|
| ധ്യാനപംക്തി | 4 | പി. എം. ചാക്കോ |
| പരുമല പദയാത്ര | 6 | വിനോദ് ജോർജ്ജ് |
| 8 നോമ്പിനെക്കുറിച്ച് | 8 | മാർ സേവേറിയോസ് |
| പുത്തൻതീയുടെ ഒരു നൂററാണ്ട് | 9 | പോൾ മണലിൽ |
| വിശുദ്ധിയിലേക്കുള്ള തീർത്ഥയാത്ര | 13 | ഫാ. ജോൺതോമസ് കരിങ്ങാട്ടിൽ |
| പരുമലതിരുമേനി | 17 | വി. വർഗീസ് മുളക്കുഴ |
| പാശ്ചാത്യസംഗീത പ്രവേശിക (പുസ്തകപരിചയം) | 22 | ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ |

വാർത്തകൾ



## പത്രാധിപസമിതി

**മാനേജിംഗ് എഡിററർ :** തോമസ് മാർ അത്താനാസിയോസ്

**ചീഫ് എഡിററർ :** ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**അംഗങ്ങൾ :** വെരി. റവ. പി. ജി. ജോർജ്ജ് കോർ എപ്പിസ്കോപ്പാ, ഫാ. പി. ജി. ജോർജ്, ഫാ. പി. വി. ജോൺ, ഫാ. ഐപ്പ് പി. സാം, ഡോ. കെ. എം. തരകൻ, ഡോ. സാമുവേൽ ചന്ദനപ്പള്ളി, ജേക്കബ് ഉമ്മൻ, പ്രൊഫ. സൂസി ഏബ്രഹാം

**സർക്കുലേഷൻ മാനേജർ :** എം. എ. ജേക്കബ്


## മുഖമൊഴി

പദയാത്ര 'ആശയവിനിമയ'ത്തിനുള്ള പരമ്പരാഗത
മാർഗ്ഗമാണ്. മതപ്രചരണത്തിനും ആശയ സംവേദനത്തിനുമായി
പദയാത്രകൾ സംഘടിപ്പിക്കുന്നു. ഇതിന് വളരെ പഴക്കവും പാര
മ്പര്യവുമുണ്ട് ആശയ സങ്കേതനത്തിന് കമ്പ്യൂട്ടർവൽകൃത മാധ്യ
മങ്ങൾ ഉണ്ടെങ്കിലും 'പദയാത്രകൾ' ഇന്നും വളരെ പ്രസക്തമാ
കുന്നു. രാഷ്ട്രീയ സംസ്ക്കാരത്തിലും മതസംസ്ക്കാരത്തിലും
ഇത് സജ്ജീവമാണ്.

ദൈവ ദർശനം ലഭ്യമാകുന്ന പുണ്യ സങ്കേതങ്ങളിലേക്കു
ള്ള യാത്ര എബ്രായ പാരമ്പര്യത്തിലുണ്ട്. മനുഷ്യന്റെ സമ
ഗ്രവിമോചനവും ആദ്ധ്യത്മിക നിറവുമാണ് പദയാത്രയുടെ
ലക്ഷ്യം. ക്രിസ്തീയ സന്ദേശവും ആദ്ധ്യത്മികതയും ഇ
തുവഴി പ്രസരിതമാക്കാം. തീർത്ഥയാത്രകൾ പദയാത്രകളായും
നടത്തുന്നു.

തീർത്ഥാടനത്തിന് ദീർഘനാളത്തെ ഒരുക്കവും കാത്തിരി
പ്പും ധ്യാനവും അനുഷ്ഠിച്ചിരുന്നു. പദയാത്രയായി വിശു
ദ്ധ സ്ഥലങ്ങളിൽ എത്തുന്നവർ ദൈവത്തിൽ കൂടുതൽ സമർ
പ്പണം ചെയ്യുന്നു. പുത്തൻ ആത്മീയ നിറവുമായി തിരിച്ചെ
ത്തി ആത്മീയ നിഷ്ഠയോടെ ജിവിതം ക്രമപ്പെടുത്തുന്നു.

മതാത്മഭക്തിയിൽ പദയാത്രകളുടെ എണ്ണം 'വർദ്ധി
പ്പിച്ചപ്പോൾ വിശ്വാസവും സമർപ്പണവും നഷ്ടപ്പെട്ടു. പദയാ
ത്രകൾ ലക്ഷ്യം തെററുന്നു. സംഘടിതമായി നടത്തപ്പെടേണ്ടവ
അസംഘടിതവും ഛിദ്രവുമാകുന്നു. ചേരിതിരിവ് മത്സര സ്വ
ഭാവം, ഗ്രൂപ്പിസം, ആളുപിടുത്തം....! എല്ലാം പദയാത്രയിലും !
ഒരിടവകയിൽ നിന്നു പോലും ഒന്നിലധികം 'പദയാത്രകൾ'
അതും ഒരു കേന്ദ്രത്തിലേക്ക്...?

ഐക്യം, സൗഹൃദം, സഹിഷ്ണുത, ത്യാഗം, സാഹോദ
ര്യം, വിശ്വസ്തത എന്നിവ പദയാത്രികരിൽ ഉണ്ടാകണം. പ
ദയാത്രകൾ ആദ്ധ്യാത്മിക നവോത്ഥാനത്തിനും ദൈവികരണ
ത്തിനും സഹായിക്കണം. ആദ്ധ്യാത്മിക മൂല്യങ്ങൾ നമ്മുടെ
പദയാത്രകൾക്കു നഷ്ടമാകരുത്.

**ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ**

# ഇടയലേഖനം



വാത്സല്യ മക്കളെ,

കലാശാലകളിന്ന് കലാപശാലകളും കുരുതിക്കളങ്ങളും ആയിത്തീർന്നിരിക്കുന്നു. എല്ലാ രാഷ്ട്രീയപാർട്ടികളുടെയും വിദ്യാർത്ഥി വിഭാഗങ്ങൾ അതാതുരാഷ്ട്രീയപാർട്ടികളുടെ ചാവേർപ്പടകളായി മാറിയിരിക്കുന്നു. പാഠപ്പുസ്തകങ്ങൾക്കും നോട്ടുബുക്കുകൾക്കും പകരം വിദ്യാർത്ഥികളിന്ന് സൈക്കിൾ ചെയിനും മാരകായുധങ്ങളുമായാണ് ക്ലാസിലെത്തുന്നത്. ഏതു കോളജിലായാലും സാമൂഹ്യവിരുദ്ധരായ വിദ്യാർത്ഥികൾ വളരെ കുറവാണ്. ഇവർക്കു് പ്രത്യേക പാർട്ടികളൊന്നുമില്ല. ഇവരാണ് കോളേജിലെ വിദ്യാർത്ഥി സമൂഹത്തെ നിയന്ത്രിക്കുന്നതു്. കോളജുകളിലിന്ന് സാധ്യായ ദിവസങ്ങളെക്കാൾ കൂടുതൽ അവധിദിവസങ്ങളാണ്. കോളജുകളിൽ ഇന്ന് ക്രമമായി നടക്കാത്തതു് രണ്ടേരണ്ടു കാര്യങ്ങൾ മാത്രം അദ്ധ്യയനവും അദ്ധ്യാപനവും, ബാക്കിയെല്ലാം അവിടെ നടക്കുന്നു. പണക്കാരുടെ മക്കൾക്കിതു് നിസ്സാരമാണ് ഓരോ വിഷയത്തിനും ട്യൂഷൻ ഏർപ്പെടുത്തി പ്രസ്തുത കുറവ് പരിഹരിക്കുവാൻ കഴിയും. എന്നാൽ ബഹുഭൂരിപക്ഷം വരുന്ന പാവങ്ങളുടെ കുട്ടികളൊ? ഇതിനെക്കുറിച്ച് രാഷ്ട്രീയ പാർട്ടികളൊ അവരുടെ വിദ്യാർത്ഥിവിഭാഗങ്ങളൊ കുട്ടിനേതാക്കളൊ ചിന്തിക്കുന്നതെയില്ല. ന്യൂനപക്ഷം വരുന്ന പ്രസ്തുത കുട്ടിനേതാക്കളെ എം. എൽ. എ. മാരും, എം. പി. മാരും മന്ത്രിമാരുമാക്കാൻ നൂറുകണക്കിന് കുട്ടികളെ രക്തസാക്ഷികളാക്കണമൊ? ലക്ഷക്കണക്കിന് വരുന്ന കുട്ടികളുടെ ആദ്ധ്യയനം നശിപ്പിക്കണമൊ? ഇതിനെല്ലാമുത്തരം രാഷ്ട്രീയപ്പാർട്ടികൾ പറഞ്ഞേതീരൂ.

നിഷ്പക്ഷബുദ്ധ്യാ ചിന്തിക്കുന്നവർക്കറിയാം ഇന്നത്തെ ദുരവസ്ഥയ്ക്ക് നിലവിലിരിക്കുന്ന എല്ലാ രാഷ്ട്രീയ പാർട്ടികളും കാരണക്കാരാണെന്ന്. ഇന്നത്തെ രാഷ്ട്രീയ നേതാക്കൾക്കാർക്കും തന്നെ അവരുടെ വിദ്യാർത്ഥി സംഘടനകളെ തള്ളിപ്പറയാനാവില്ല. കാരണം അവരിൽ ബഹുഭൂരിപക്ഷം പേരും വിദ്യാർത്ഥി സംഘടനകളിൽ നിന്നും പരിശീലനം നേടി വന്നവരാണ്. എങ്കിലും ഒരു അനിഷ്ട സംഭവം ഉണ്ടായാൽ ഭരണ കക്ഷികൾ പ്രതിപക്ഷത്തെ കുറ്റം പറയും പ്രതിപക്ഷമാകട്ടെ സംസ്ഥാന ആഭ്യന്തര മന്ത്രിയും പോലീസുമാണ് കുഴപ്പങ്ങൾക്കെല്ലാം കാരണക്കാരെന്ന് ആണയിട്ടുപറയും. ഒരു പൊതുതെരഞ്ഞെടുപ്പുകഴിഞ്ഞ് അതുവരെ പ്രതിപക്ഷമായിരുന്നവർ അധികാരത്തിലേറുമ്പോൾ പുതിയ ഭരണഘടനയും പോലീസുമായിട്ടല്ലല്ലൊ ഭരണമാരംഭിക്കുന്നതു്. നാടുനന്നാകണമെന്നൊ കുട്ടികൾ പഠിക്കണമെന്നൊ ഈ രാഷ്ട്രീയ പാർട്ടികൾക്കൊന്നും ആഗ്രഹമില്ല. ഉണ്ടെങ്കിൽ പരുമലയിലേതുപോലുള്ള സംഭവം നടന്നാൽ ഭരണ പ്രതി





പക്ഷഭേദമന്യെ അവരുടെ വിദ്യാർത്ഥി സംഘടനാ നേതാക്കൾക്ക് കർശന നിർദ്ദേശം നല്കിയേനേ. കേൾക്കാതെവന്നാൽ വിദ്യാർത്ഥി സംഘടനകളെ പിരിച്ചുവിട്ടേനെ. ഇതൊന്നും സംഭവിക്കുകയില്ല. കാരണം നേരത്തെ പറഞ്ഞതുതന്നെ നാടുനന്നാകണമെന്നൊ കുട്ടികൾ പഠിക്കണമെന്നൊ ഇവർക്കാർക്കും ആഗ്രഹമില്ല. ഏതെങ്കിലും അനിഷ്ട സംഭവത്തിൽ രക്തസാക്ഷികളുണ്ടായാൽ അതാതുകാലത്തെ പ്രതിപക്ഷം മുതലക്കണ്ണീരൊഴുക്കുന്നതു് നാട്ടുകാരെകാണിക്കുവാനും അവയെല്ലാം വോട്ടാക്കിമാറ്റുവാനുമാണ്.

ദേശീയ തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാതൃകയിൽ കലാലയ വിദ്യാലയ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളെ കർശനമായി നിയന്ത്രിക്കുവാൻ ഒരു തെരഞ്ഞെടുപ്പു കമ്മീഷനെ നിയമിക്കണം. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഏകകണ്ഠമായി അംഗീകരിക്കുന്ന ഒരു പാനലിൽ നിന്നും സംസ്ഥാന ഗവർണ്ണർ രാഷ്ട്രീയേതരനായ ഒരു തെരഞ്ഞെടുപ്പു കമ്മീഷണറെ നിയമിക്കണം. അദ്ദേഹം നിയമിക്കുന്ന ജില്ലാതല, താലൂക്ക്തല ഉദ്യോഗസ്ഥന്മാർ കോളജുകളിൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരിക്കുവാൻ വേണ്ടതു ചെയ്യണം. അഥവാ ഉണ്ടായാൽ കാരണക്കാരെ നിർദ്ദാക്ഷിണ്യം ശിക്ഷിക്കുവാനും അവർ ഉൾപ്പെടുന്ന വിദ്യാർത്ഥി സംഘടനയുടെ അംഗീകാരം പിൻവലിക്കുവാനും നിയമം ഉണ്ടാകണം. കാലാന്തരത്തിൽ കലാലയങ്ങളിൽ രാഷ്ട്രീയാതീതമായി തെരഞ്ഞെടുപ്പു നടത്തുവാൻ കഴിയണം.

കോളജ് വളപ്പിൽ പുറത്തുനിന്നുമുള്ളവർക്ക് പ്രവേശനം പ്രിൻസിപ്പലിന്റെ അനുവാദത്തോടുകൂടി മാത്രമെ ആകാവൂ. ക്രിമിനൽ സ്വഭാവമുള്ള കുട്ടികളെ അന്തിമമായി കോളജിൽനിന്നും പുറത്താക്കുവാൻ പ്രിൻസിപ്പലിന് പരിപൂർണ്ണ അധികാരം നൽകുക. അദ്ധ്യാപകരും പ്രിൻസിപ്പൽമാരും തികച്ചും നിഷ്പക്ഷമായി മാത്രം വർത്തിക്കുക. പി. റ്റി. എ. കളെ ശക്തിപ്പെടുത്തുക. കലാശാലകളിൽ നിന്നും പ്രീഡിഗ്രിയെ വേർപെടുത്തിയാൽ മാത്രം പോരാ അവിടെ സെമസ്റ്റർ സമ്പ്രദായവും ഏർപ്പെടുത്തണം.

ഇന്നത്തെ രാഷ്ട്രീയപ്പാർട്ടികൾക്ക് അല്പമെങ്കിലും രാജ്യസ്നേഹമൊ ആത്മാർത്ഥതയൊ സത്യസന്ധതയൊ വിദ്യാർത്ഥി ക്ഷേമത്തിൽ ആകാംക്ഷയൊ ഉണ്ടെങ്കിൽ ഭരണ പ്രതിപക്ഷഭേദമെന്യെ അവരുടെ വിദ്യാർത്ഥിസംഘടനകളെ കർശനമായി നിയന്ത്രിക്കട്ടെ. ശ്രവിക്കുന്നില്ലെങ്കിൽ പിരിച്ചുവിടട്ടെ. സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരിക്കലും വേദിയാവരുതു്. ഒരു സമൂലശുദ്ധീകരണം അനിവാര്യമായിരിക്കുന്നു. അതിനനുയോജ്യമായ ഒരു സംസ്കാരം വികസിപ്പിക്കേണ്ടിയിരിക്കുന്നു. ഭാവിതലമുറയെ അതിനായി നമുക്ക് ഒരുക്കാം.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ.

കർത്താവിൽ നിങ്ങളുടെ ബലഹീനനായ
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

# "നാലാളുകൾ" സുവിശേഷകർക്കു് മാതൃക

— പി. എം. ചാക്കോ, കിടങ്ങന്നൂർ

യേശുക്രിസ്തു തന്റെ പരസ്യ ശുശ്രൂഷയുടെ കാലത്തു് പല അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിക്കുകയുണ്ടായി. അവയിൽ ചിലതു് നാലു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. യേശുക്രിസ്തുവിന്റെ ആദ്യകാലാത്ഭുതങ്ങളിൽ ഒന്നു് വി. മർക്കോസ് തന്റെ സുവിശേഷത്തിന്റെ 2-ാം അദ്ധ്യായത്തിന്റെ ആദ്യത്തെ 12 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഇന്നു് ലോകത്തിലെ ഓരോ ഭാഷകളിലും കോടിക്കണക്കിനു പുസ്തകങ്ങൾ ആരെപ്പററി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്നുവോ ആ യേശുക്രിസ്തുവിനെപ്പററി ആദ്യമായി രചിച്ചപുസ്തകമാണ് കേവലം 16 അദ്ധ്യായങ്ങൾ മാത്രമുള്ള മർക്കോസിന്റെ സുവിശേഷം.

കർത്താവ് ഒരു പക്ഷവാതക്കാരനെ സൗഖ്യമാക്കിയതാണീസംഭവം. കഫർന്നഹോമിലെ ഒരു ഭവനത്തിൽ കർത്താവ് വീണ്ടും വരികയും വിവരം അറിഞ്ഞുകേട്ട് ധാരാളം ആളുകൾ ആ ഭവനത്തിൽ എത്തുകയും ചെയ്തു. അങ്ങനെ വന്നുകൂടിയവരോട് കർത്താവ് തിരുവചനം പ്രസ്താവിച്ചു കൊണ്ടിരുന്നു. ആളുകൾ ഏകാഗ്രചിത്തരായി തേനിലും തേൻകട്ടയിലും മധുരമുള്ള ആ വാക്കുകൾ ശ്രദ്ധിച്ചിരിക്കുകയാണ്. "അപ്പോൾ നാലാളുകൾ ഒരു പക്ഷവാതക്കാരനെ ചുമന്ന് അവന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനോടു് സമീപിച്ചു കൂടായ്കയാൽ അവർ ഇരുന്ന സ്ഥലത്തിന്റെ മേല്പുര പൊളിച്ചു് തുറന്നു് പക്ഷവാതക്കാരനെ കിടക്കയോടിറക്കിവച്ചു." മർക്കോസ് 2:4. അവരുടെ വിശ്വാസം കണ്ട് കർത്താവ് ആ രോഗിയെ സൗഖ്യമാക്കി.

ചലനശേഷിയും സംസാരശേഷിയും നഷ്ടപ്പെട്ട ഈ രോഗിയെ സൗഖ്യദായകന്റെ അടുത്തെത്തിച്ച ആ നാലാളുകളെപ്പററി അല്പം ചിന്തിക്കുന്നതു് നന്നായിരിക്കും. ഇവർ ആധുനിക സുവിശേഷകർക്കു് മാതൃകയായി സ്വീകരിക്കാൻ പററിയവരാണ്. ഇവരിൽ കണ്ട പ്രത്യേകതകളെപ്പററി ചിന്തിക്കുകയും അതു് നമ്മുടെ ജീവിതത്തിൽ പകർത്താൻ ശ്രമിക്കുകയും ചെയ്യാം.

1) ഇവർ കൂട്ടായ്മയുള്ളവർ ആയിരുന്നു. പരസ്പരം ആലോചിക്കുകയും പഠിക്കുകയും ആരാധനയിൽ സംബന്ധിക്കുകയും ചെയ്യുന്ന സ്വഭാവം ഇന്നു കുറഞ്ഞുവരികയാണ്. ഓരോരുത്തരും തനിക്കുതാൻപോന്ന നിലയിൽ ആണ് ഇന്നു കഴിഞ്ഞുവരുന്നതു്. ക്രൈസ്തവ ഗോത്രത്തിലെ ഭിന്നിപ്പിന്റെ മുഖ്യമായ കാരണം ഈ കൂട്ടായ്മയുടെ അനുഭവമില്ലായ്മയാണ്.





2) പരസ്പരം വിശ്വാസം ഉള്ളവർ ആയിരുന്നു. ഇന്നു് ആത്മീയ മണ്ഡലത്തിൽ കുറഞ്ഞുവരുന്നതാണിവിശിഷ്ട ഗുണം. എങ്ങനെയും കൂട്ടുകാരന്റെ കാലുവരി മുൻപെ കയറണമെന്നാണോരോരുത്തരുടെയും ചിന്ത. അതിനുവേണ്ടി ദുഷ്പ്രചരണങ്ങൾ നടത്തുകയും നുണകഥകൾ സൃഷ്ടിക്കുകയും ചെയ്യുന്നവരെ ഈ ഗോളത്തിൽ സാർവത്രികമായി കാണാം.

3) മററുള്ളവർക്കു് ഇവരെ വിശ്വാസം ആയിരുന്നു. ചലനമററു് കിടന്ന രോഗി തന്നെ സമീപിച്ച ഈ നാലാളുകളുടെ സ്വഭാവത്തിലും പ്രവർത്തനത്തിലും സംപൂർണ്ണ വിശ്വാസം ഉള്ളവനായതുകൊണ്ടാണ് ഇവരുടെ നിർദ്ദേശം സ്വീകരിച്ചു് ഇവരോടൊപ്പം പോകാൻ തയാറായതു്. ഇന്നത്തെ ക്രിസ്തീയ പ്രവർത്തകർക്കു് അവരുടെ ഇടപാടുകളും മററുള്ളവരിൽ തങ്ങളെപ്പററി വിശ്വാസം ഉണ്ടാകുന്നതായിരിക്കണം.

4) സേവന സന്നദ്ധതയുള്ളവർ ആയിരുന്നു. ഗ്രാമത്തിലെ ഭൂരിപക്ഷവും യേശുവിന്റെ വാക്കുകൾ കേട്ടു് ചുററുപാടുകൾ മറന്നു് അവിടെ കൂടിയിരിക്കുമ്പോൾ ആപ്രദേശത്തു് യേശുവിന്റെ സാമീപ്യം ആവശ്യം ഉള്ള പക്ഷവാതക്കാരനെ ഓർക്കുകയും അവനെ യേശുവിന്റെ അടുത്തുകൊണ്ടുവരികയും ചെയ്തവരാണിവർ മറിവേററു് അർദ്ധപ്രാണനായി വഴിയരികിൽ കിടന്നവനെ കണ്ടിട്ടു് പോകുന്ന ലേവ്യനും പുരോഹിതനുമല്ലാ ഇന്നാവശ്യം.

5) പ്രതികൂലങ്ങളുടെ മദ്ധ്യേനിരാശരാകാത്തവർ ഈ പക്ഷവാതക്കാരനെ ത്യാഗങ്ങൾ സഹിച്ചു് ചുമന്നു് യേശു ഇരിക്കുന്ന വീടിന്റെ വാതുക്കൽ അവർ കൊണ്ടുവന്നു. എന്നാൽ തങ്ങൾ കഷ്ടപ്പെട്ടു കൊണ്ടുവന്ന രോഗിയോടു സഹതാപമോ തങ്ങൾ ചെയ്ത പ്രവർത്തിയെ അഭിനന്ദിക്കാനോ മനസ്സില്ലാത്ത പുരുഷാരത്തെയാണവിടെ അവർ കണ്ടതു്. ഇതിൽ നിരാശരാകാതെ തങ്ങൾ കൊണ്ടുവന്നയാളിനെ എങ്ങനെയും സൗഖ്യദായകന്റെ അടുത്തെത്തിക്കുമെന്നവർ തീരുമാനിച്ചു. ആധുനിക സുവിശേഷകർ പലപ്പോഴും അവഗണനയുടെ, അവഹേളനത്തിന്റെ മദ്ധ്യേനിരാശരായി പോകുന്നതു സർവ്വസാധാരണമാണ്.

6) തങ്ങൾക്കു് ശരിയെന്നുതോന്നുന്നതു് ചെയ്യാൻ ധൈര്യം ഉള്ളവർ ആയിരുന്നു. പക്ഷവാതക്കാരനെ യേശുവിന്റെ മുൻപിൽ എത്തിക്കാൻ പുരയുടെ മേൽക്കൂര ഇളക്കിയല്ലാതെ മററു മാർഗ്ഗം ഇല്ലെന്നവർ മനസ്സിലാക്കി ഒരു വീടിന്റെ മേൽക്കൂര ഉടമസ്ഥന്റെ അനുവാദം കൂടാതെ ഇളക്കുന്നതു് ശരിയല്ലാഎങ്കിലും അതു് ചെയ്യുന്നതു് ഒരുനല്ല കാര്യത്തിനു വേണ്ടിയാകയാൽ അതിനുള്ള ധൈര്യം അവർ കാട്ടി. ഈ ധൈര്യം ഇന്നും ആവശ്യം ആണ്.

7) അവർ നിസ്വാർത്ഥ പ്രവർത്തകരായിരുന്നു. യാതൊരു പ്രതിഫലമോ അഭിനന്ദനമോ പ്രതിക്ഷിച്ചല്ലാ അവർ അങ്ങനെ ചെയ്തതു്. യേശു അവരുടെ വിശ്വാസം കണ്ടിട്ടു് പക്ഷവാതക്കാരനോട് മകനെ നിന്റെ പാപങ്ങൾ മോചിച്ചുതന്നിരിക്കുന്നു എന്നു പറഞ്ഞു. മർക്കോ. 2:5 ഈ നാലാളുകളെ അഭിനന്ദിക്കുയോ അവാർഡുകൊടുക്കുകയോ ചെയ്തില്ല. പ്രതിഫലേച്ഛയില്ലാതുള്ള പ്രവർത്തനങ്ങളാണ് സുവിശേഷ പ്രവർത്തനങ്ങൾ.

ഈ നാലാളുകൾ നമുക്കു് മാതൃകയായിരിക്കട്ടെ. നമ്മുടെ പ്രവർത്തനങ്ങൾക്കു് ഇവർ പ്രചോദനം നൽകട്ടെ. ഇവരുടെ പേരുപോലും അജ്ഞാതമാണ്.

# പരുമല പദയാത്ര

—വിനോദ് ജോർജ്, ആറാട്ടുപുഴ
(വൈദികസെമിനാരി വിദ്യാർത്ഥി)

'നവംബർ ആദ്യം മലങ്കരസഭയുടെ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നടക്കുകയാണ്. അനേകം വിശ്വാസികൾ പരിശുദ്ധന്റെ പെരുന്നാളിൽ സംബന്ധിക്കുന്നതിന് പദയാത്രയായി പരുമലയിലേക്ക് പോകുന്നു.

മുൻകാലങ്ങളിൽ പരുമല തീർത്ഥാടനം ചുരുക്കം ചില കേന്ദ്രങ്ങളിൽ നിന്നു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ഇന്ന് അതിന് വ്യത്യാസം വന്നിരിക്കുന്നു. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള പള്ളികളുടെയും ആദ്ധ്യാത്മിക സംഘടനകളുടെയും നേതൃത്വത്തിൽ വിശ്വാസികൾ പദയാത്രകൾ 'സംഘടിപ്പിക്കു'ന്നു.

കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള പള്ളികളുടെയും ആദ്ധ്യാത്മിക സംഘടനകളുടെയും നേതൃത്വത്തിൽ വിശ്വാസികൾ പദയാത്രകൾ 'സംഘടിപ്പിക്കുന്നു'.

വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നുവെങ്കിലും ആയത് എന്ത് ലക്ഷ്യത്തിനു വേണ്ടിയാണോ ക്രമീകരിക്കുന്നത് ആ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിന് ആ ഉദ്യമത്തിനു സാധിക്കുന്നുണ്ടോ എന്നുള്ളത് സംശയമാണ്. ഇന്നത്തെ പദയാത്രകൾ ആഹ്ളാദതിമിർപ്പോടെ നടത്തുന്നു. താളമേളങ്ങളുടെയും വാദ്യഘോഷങ്ങളുടെയും അകമ്പടിയോടെ നടത്തുന്ന ഇന്നത്തെ പദയാത്രകൾ കൊണ്ട് എന്തു പ്രയോജനം ലഭിക്കുന്നു.

ടൂറിസ്റ്റുകളെപ്പോലെ വഴിയോര കാഴ്ചകൾ കണ്ടും ചിലർ സൗജന്യമായി ലഭിക്കുന്ന ഭക്ഷണങ്ങളിൽ പ്രീതിപ്പെട്ടും ചുരുക്കം ചിലർ മുറുക്കിയും പുകവലിച്ചും അന്തരീക്ഷ—പരിസര മലിനീകരണം നടത്തി പദയാത്രകളിൽ പങ്കാളികളാകുന്നു. മറ്റു ചിലർ ചിരിയിലും തമാശയിലും മുഴുകുന്നു. ഹംസരഥങ്ങൾ, പണം വാരി വിതറി അലങ്കരിച്ചും കാതടപ്പിക്കുന്ന ശബ്ദത്തിൽ പരിശുദ്ധന്റെ നാമം പ്രകീർത്തിക്കുന്ന പാട്ടുപാടിയും രസിച്ചു പോകുന്നു. ആദ്ധ്യാത്മികതയുടെ തകർച്ചയാണ് ഇത്തരം രംഗങ്ങളിൽ കാണുന്നത്.

ഭക്തി നിറഞ്ഞ മനസ്സോടു കൂടി വേണം തീർത്ഥാടനം നടത്തുവാൻ





ഏത് തീർത്ഥാടനം നടത്തിയാലും ചുരുങ്ങിയത് 3 ദിവസമെങ്കിലും നോമ്പ് എടുത്തിരിക്കണം. പുണ്യസ്ഥലങ്ങളിൽ ഭയഭക്തിയാൽ നിറഞ്ഞ മനസ്സോടെ ചെന്ന് പ്രാർത്ഥനയും നേർച്ചയും സമർപ്പിക്കുമ്പോൾ അതിന് ലക്ഷ്യപ്രാപ്തി ഉണ്ടാകുന്നു. ഭയഭക്തിയോടെ പരിശുദ്ധന്മാരുടെ കബറിടത്തിൽ ചെന്ന് അവർക്കു വേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാനും സാധിക്കണം.

അവരുടെ അസ്ഥികളിൽ നിക്ഷേപങ്ങൾ വസിക്കുന്നു എന്ന് നാം വിശ്വസിക്കുന്നു. അവരുടെ ജീവിതം അനുകരിക്കുന്നതിനും അവരെ നടത്തിയ ദൈവം നമ്മെയും നടത്തുമെന്നുള്ള പ്രത്യാശയിൽ ഉറയ്ക്കുന്നതിനും സാധിക്കണം. അവർ എങ്ങനെ ദൈവത്തിനു പ്രീതികരമായി ജീവിച്ചുവോ അതുപോലെ ജീവിക്കുവാൻ നാമും ബാദ്ധ്യസ്ഥരാണ്.

എന്നാൽ ആ മഹത്വ്യക്തികളുടെ പേരിൽ നടത്തുന്ന തീർത്ഥാടനം വൈരുദ്ധ്യമാക്കാൻ അതിനു നൽകിയിരിക്കുന്ന ലക്ഷ്യത്തിൽ നിന്നു പിന്മാറാൻ, അറിഞ്ഞോ അറിയാതെയോ ഒരുമ്പെടുന്നത് ഗുണത്തിലേറെ ദോഷം ചെയ്യും.

പദയാത്ര നടത്തുന്നതിലും പാട്ടുപാടുന്നതിലുമുള്ള മത്സരം ഒഴിവാക്കി പ്രാർത്ഥനയും കണ്ണീരോടും കൂടെ പോകുകയാണെങ്കിൽ നമ്മുടെ തീർത്ഥാടനം ദൈവതിരുമുമ്പാകെ ധന്യമായിത്തീരും. വീട്ടുകാര്യങ്ങളും നാട്ടുകാര്യങ്ങളും പറയുവാൻ ഇത് ഒരു വേദിയാക്കരുത്.

പദയാത്ര നടത്തുന്നതിലും പാട്ടുപാടുന്നതിലുമുള്ള മാത്സര്യം ഒഴിവാക്കി പ്രാർത്ഥനയും കണ്ണീരോടും കൂടെ പോകുകയാണെങ്കിൽ നമ്മുടെ തീർത്ഥാടനം ദൈവതിരുമുമ്പാകെ ധന്യമായിത്തീരും.

'പരിശുദ്ധതിരുമേനി ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ' എന്ന മന്ത്രം മനസ്സിൽ ധ്യാനിച്ചുകൊണ്ട് വേണം പദയാത്രയിൽ സംബന്ധിക്കുവാൻ. സ്വയം നിയന്ത്രണമാണ് അതിന് അവശ്യം. അങ്ങനെ പുതിയ കാഴ്ചപ്പാടും ദർശനവും ഉൾക്കൊണ്ടു ഈ വർഷത്തെ പെരുന്നാളിൽ സംബന്ധിക്കാം.

## മാർ സേവേറിയോസ്

### എട്ടുനോമ്പിനെക്കുറിച്ച്

അഭിവന്ദ്യ യൂഹാനോൻ മാർ സേവേറിയോസ് തിരുമനസ്സു കാലംചെയ്യുന്നതിനു മുൻപ് 1983 ഒക്ടോബർ മാസത്തിൽ ഫാ. സി. സി. ചെറിയാനു് അയച്ച മൂന്നു കത്തുകളിലെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1) 'പള്ളത്തെപ്പോലെ 'തൃക്കോത്തും' അച്ചൻ കൃത്രിമ നോമ്പ് നിർത്തൽ ചെയ്തതായി അറിയുന്നതിൽ സന്തോഷിക്കുന്നു. അതുസഭയോടും കന്യാസ്ത്രീ അമ്മയോടും ചെയ്ത വലിയൊരു സേവനമായി ഞാൻ ചിന്തിക്കുന്നു. അങ്ങനെ എത്രപേർ ചിന്തിക്കുമെന്നറിയാൻ പാടില്ല. മേല്പട്ടക്കാരും അച്ചന്മാരും ഒന്നുചേർന്നാൽ ഇന്നുള്ള പല അനാചാരങ്ങളും നിഷ്പ്രയാസം നിർത്താം. ആദായം മാത്രം ലാക്കാക്കിയുള്ള ഇന്നത്തെപോക്ക് സഭയെ അപകടത്തിൽ തള്ളും.' (9–10-'83)

2) 'എഴുത്തുകിട്ടി. ഞാൻ ഒരു ലേഖനം എട്ടുനോമ്പിനെക്കുറിച്ച് എഴുതാം. പാവപ്പെട്ട ഞങ്ങളൊക്കെ പറഞ്ഞാൽ ആരുവകവയ്ക്കാനാണ്! വലിയ ആളുകൾ പോയി യാത്രപ്പടിയും കർബ്ബാനപ്പടിയും വാങ്ങിച്ച് ആ ബിസിനസ്സ് മുന്നേറുകയാണ്. അത് മണർകാട്ടെ ഒരു പ്രത്യേകതയായി കിടക്കട്ടെ.......ഇതിനെ അനുകൂലിക്കാത്ത മെത്രാച്ചന്മാരെ ഒന്നിച്ച്കണ്ട് സംസാരിക്കുന്നതു് കൊള്ളാം. സഭയുടെ ഗതികേടിൽ നിന്നും അതിനെ ഉദ്ധരിക്കേണ്ടതു് എല്ലാവരുടേയും കടമയാണ്......' (22–10–'83)

3) .......ലേഖനം അയച്ചതു് കിട്ടിക്കാണുമല്ലോ....കുറെ അച്ചന്മാർ നെററി ചുളിച്ചേക്കാം. സാരമില്ല......കണ്ടനാട്, അങ്കമാലി ഭദ്രാസനങ്ങളിലോ, ശീമയിലോ ഈ നോമ്പില്ല. തെക്കൻദിക്കിൽ നിന്നും ചില സ്ത്രീകൾ...വന്നിട്ടുണ്ട്. അവരാണ് അവിടത്തെ വിധിതാക്കൾ. അനാഥമായ സഭയിൽ ഇതൊക്കെ നടക്കും. പറഞ്ഞിട്ടു കാര്യമില്ല.' (7-11-83)



## പുത്തൻ തീയുടെ ഒരു നൂററാണ്ട്

— പോൾ മണലിൽ

'ഇതിലെ വളവുവാതിലുകളും തങ്കവേലകളും അലങ്കാരങ്ങളും കണ്ടാൽ സ്വർഗലോകമോ എന്നു സംശയിച്ചുപോകും. ഭക്തന്മാരായിരുന്ന മഹാരാജാക്കന്മാരാൽ പല കാലങ്ങളിൽ ചെയ്യപ്പെട്ട വേലകളുടെയും അലങ്കാരങ്ങളുടെയും പ്രതീകമാണ് ഇവിടെ കാൺമാനുള്ള വിശേഷങ്ങൾ. ശുദ്ധ സ്വർണ്ണവും വെള്ളിയുംകൊണ്ടുതന്നെ ഉണ്ടാക്കപ്പെട്ട വിളക്കുകൾ അണിയണിയായി തൂക്കപ്പെട്ടിരിക്കുന്നതും അവ സ്വർണ്ണത്തുടലുകളിലും വെള്ളിത്തുടലുകളിലും തൂങ്ങി പ്രകാശിക്കുന്നതും കണ്ടാൽ കണ്ണുമഞ്ചുമെന്നല്ലാതെ ഒന്നും പറവാനില്ല. ഇതിൽ രാവും പകലും കത്തിക്കൊണ്ടിരിക്കുന്ന അനേകം മെഴുകതിരികളുടെയും വിളക്കുകളുടെയും പ്രകാശം സൂര്യനെ തോൽപിക്കുമോ എന്നു തോന്നിപ്പോകും.'

### യാത്രാവിവരണം

ഒരു നൂറു വർഷം മുമ്പ് പരുമല തിരുമേനിയെന്ന ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് കോറിയിട്ട വാക്കുകൾ—മലയാളത്തിലെ ലക്ഷണയുക്തമായ ആദ്യത്തെ അച്ചടിച്ച യാത്രാവിവരണ ഗ്രന്ഥമായ 'ഊർശ്ലേം യാത്രാ വിവരണ'ത്തിൽ നിന്ന്.

സഞ്ചാര സാഹിത്യത്തെ കാഴ്ചയുടെ പൂർണതയായി ദർശിച്ച പരുമല തിരുമേനി 1895-ൽ ജറുസലേമിലേക്കു നടത്തിയ തീർത്ഥാടനത്തിൻെറ വിവരണമാണ് ഊർശ്ലേം യാത്രാ വിവരണം'.

ഈ ഗ്രന്ഥമാണ് 'വർത്തമാന പ്പുസ്തക'ത്തിനു മുമ്പ് അച്ചടിച്ച ആദ്യത്തെ ലക്ഷണമൊത്ത യാത്രാ വിവര

*മലയാളത്തിൽ സഞ്ചാര സാഹിത്യത്തിൻെറ സരണി വിപുലീകരിക്കപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ സാഹിത്യ യശസിന് ഒട്ടും ഉദ്ദേശ്യമില്ലാതിരുന്ന പരുമല തിരുമേനി എഴുതിയ ''ഊർശ്ലേം യാത്രാ വിവരണം'' മലയാള സാഹിത്യത്തിലെ അനർഘ സഞ്ചാരക്കുറിപ്പാണ്.*

ണം. 1785 ൽ പാറേമ്മാക്കൽ തോമ്മാ കത്തനാർ എഴുതിയ 'വർത്തമാനപ്പുസ്തകം' 1936 ലാണ് ആദ്യമായി അച്ചടിച്ചത്.

പരുമല തിരുമേനി ഈ കൃതി എഴുതുന്നതിനു മുമ്പു കടയാട്ടു ഗോവിന്ദ മേനോൻ 'കാശീയാത്ര റപ്പോട്ട്' എഴുതിയെങ്കിലും 29 പേജുള്ള ഈ കൃതിക്കു ലക്ഷണമൊത്ത സഞ്ചാര സാഹിത്യഗ്രന്ഥമെന്ന അംഗീകാരം ലഭിച്ചിട്ടില്ല.

മലയാളത്തിൽ സഞ്ചാര സാഹിത്യത്തിന്റെ സരണി വിപുലീകരിക്കപ്പെടാതിരുന്ന ഒരു കാലഘട്ടത്തിൽ സാഹിത്യ യശസ്സിന് ഒട്ടും ഉദ്ദേശ്യമില്ലാതിരുന്ന പരുമല തിരുമേനി എഴുതിയ 'ഊർശ്ലേം യാത്രാ വിവരണം' മലയാള സാഹിത്യത്തിലെ അനർഘ സഞ്ചാരക്കുറിപ്പാണ്.

*പരുമല തിരുമേനി ഒരു സഞ്ചാരിയിൽ നിന്ന് എഴുത്തുകാരനായി മാറുന്ന അനേകം മുഹൂർത്തങ്ങൾ ഇതിൽ ദർശിക്കാം.*

'വിശുദ്ധ വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്ന പ്രധാന ചരിത്ര സംഭവങ്ങൾ നടന്ന സ്ഥലവും ദാവീദ് മുതലായ മഹാരാജാക്കന്മാരുടെ രാജധാനിയും ലോകരക്ഷകനായ യേശുമിശിഹായുടെ കാൽപാദങ്ങളാലും ലോകത്തിൽ പാപങ്ങളെ നീക്കിക്കളയുന്ന ദിവ്യ കുഞ്ഞാടിൻ ജീവ ബലിയാലും ശുദ്ധീകരിക്കപ്പെട്ട ഊർശ്ലേം പട്ടണവും സന്ദർശിക്കാൻ വേണ്ടിയാണു തന്റെ യാത്രയെന്ന്. 'ഊർശ്ലേം യാത്രാവിവരണ'ത്തിന്റെ ആദ്യഭാഗത്തുതന്നെ പരുമല തിരുമേനി വ്യക്തമാക്കിയിട്ടുണ്ട്. 1895 ജനുവരിയിൽ (മകരം 16) പരുമല നിന്നു പുറപ്പെട്ട് 1895 മേയ് മാസത്തിൽ (ഇടവം 5) നാട്ടിൽ തിരിച്ചെത്തിയ ഈ യാത്രയുടെ അനുഭവങ്ങൾ പരുമല തിരുമേനി ഒരു മാസംകൊണ്ട് എഴുതിത്തീർക്കുകയും കോട്ടയത്തു പഴയ സെമിനാരിയിൽ പ്രവർത്തിച്ചിരുന്ന മാർത്തോമസ് അച്ചുകൂടത്തിൽ പ്രസിദ്ധീകരണത്തിനായി ഏൽപ്പിക്കുകയും ചെയ്തു. ഇവിടെ നിന്ന് ഇതിന്റെ നാലു പതിപ്പുകൾ ഇറങ്ങി.

## എഴുത്തുകാരൻ

പരുമല തിരുമേനി ഒരു സഞ്ചാരിയിൽ നിന്ന് എഴുത്തുകാരനായി മാറുന്ന അനേകം മുഹൂർത്തങ്ങൾ ഇതിൽ ദർശിക്കാം. പുത്തൻ തീ ഇറങ്ങുവാനുള്ള ആഗ്രഹത്തോടും സന്തോഷത്തോടും കൂടി ജനങ്ങളിൽ ആർപ്പും സംഗീതവും കൈകൊട്ടും ഉയരുമ്പോൾ അസാധാരണമായ ആ അനുഭവ





ത്തിനു സാക്ഷിയായ പരുമല തിരുമേനി അതു സാധാരണക്കാർക്കു പകർന്നുകൊടുക്കുമ്പോൾ അതിന്റെ അസാധാരണത്വം നഷ്ടപ്പെടുത്തുന്നില്ല.

സഞ്ചാര വിവരണം വായിക്കുമ്പോൾ സഞ്ചരിക്കുന്നതുപോലെ തോന്നും. ഊർശ്ലേം യാത്രാ വിവരണത്തിൽ പലപ്പോഴും സഞ്ചാരിയുടെ ഒപ്പം നമുക്കു പോകാൻ കഴിയുന്നു. സഞ്ചാരി നമ്മെ ഊർശ്ലേമിലേക്കു കൂട്ടിക്കൊണ്ടു പോകുന്നതു നോക്കുക.

'വേദം പറയുന്നതുപോലെ ഊർശ്ലേം പർവതങ്ങളാൽ ചുറ്റപ്പെട്ടിരിക്കുന്നു. കോട്ടയ്ക്കു പുറത്തുള്ള കെട്ടിടങ്ങൾ പുതുതായി പണിയപ്പെട്ടവയാകയാൽ കോട്ടയ്ക്കുള്ളിലെ കെട്ടിടങ്ങളെക്കാൾ ഭംഗിയും വലിപ്പവുമുണ്ട്. പുറത്തുള്ള തെരുവുകൾ വിസ്താരമുള്ളതും വണ്ടിസഞ്ചാരമുള്ളതുമാകുന്നു. നേരേ മറിച്ച് കോട്ടയ്ക്കുള്ളിൽ വഴികൾ ഇടുക്കും കയറ്റിറക്കമായി കൽപടകൾ വച്ചിട്ടുള്ളതും ആകുന്നതിനാൽ വണ്ടി ഓട്ടം തീരെയില്ല. ഈ വഴികളെല്ലാം വെള്ളക്കല്ലുകളാൽ തളിരമിടപ്പെട്ടിരിക്കുന്നു.

പരുമല തിരുമേനി 'ഊർശലേം യാത്രാവിവരണം' എഴുതുമ്പോൾ അദ്ദേഹത്തിനു മുമ്പിൽ യാത്രാ വിവരണത്തിനു മാതൃകയായി ഏതാനും യാത്രാ കാവ്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

യാത്രാ കാവ്യങ്ങളുടെ കാലത്തുണ്ടായിരുന്ന ഗദ്യ ഭാഷയിൽനിന്നു വികാസം പ്രാപിച്ച രൂപമാണ് 'ഊർശ്ലേം യാത്രാവിവരണ'ത്തിലെ ഗദ്യം.

മിഴിവുറ്റ വാക്കുകൾ പ്രയോഗിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ലൈറ്റ് ഹൗസിനു 'വെളിച്ചമാളിക' എന്നാണ് അദ്ദേഹം പറഞ്ഞത്. ഗദ്യ വികസനം നടന്ന ഇരുപതാം നൂറ്റാണ്ടിൽപോലും ഇതുപോലൊരു പ്രയോഗം കണ്ടെത്താൻ കഴിയില്ല.

## പുത്തൻ തീ

അതുപോലെ പുത്തൻ തീ എന്ന പ്രയോഗവും പരുമല തിരുമേനിയു

*സഞ്ചാര വിവരണം വായിക്കുമ്പോൾ സഞ്ചരിക്കുന്നതുപോലെ തോന്നും. ഊർശ്ലേം യാത്രാ വിവരണത്തിൽ പലപ്പോഴും സഞ്ചാരിയുടെ ഒപ്പം നമുക്കു പോകാൻ കഴിയുന്നു. സഞ്ചാരി നമ്മെ ഊർശ്ലേമിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു.*

ടെ സ്വന്തമാണ്. കബറിങ്കലാണു തീ ഉണ്ടാകുന്നതു്. വിശ്വാസികൾക്ക് അവിടെ നിന്നു മെഴുകുതിരിയിൽ കത്തിച്ചാണ് ആ വെളിച്ചം നൽകുന്നതു്. വിശ്വാസികൾക്കു കിട്ടുന്ന പുത്തൻ തീ അതാണ്. പരുമല തിരുമേനിയുടെ വിവരണത്തിൽ പുത്തൻ തീ സ്വർഗം താണിറങ്ങി വരുന്ന ഒന്നാണെന്നു തോന്നിപ്പോകും. അതാണു വാക്കിന്റെ വെളിച്ചം.

പരുമല തിരുമേനി ജറുസലേമിൽ എത്തിയതു് 1895-ലെ പീഡാനുഭവവാരത്തിലായിരുന്നു. യാത്രാസംഘത്തിൽ പൗലോസ് റമ്പാൻ, വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാർ, തെക്കൻ പറവൂർ തോപ്പിൽ ലൂക്കോസ്, തുമ്പമൺ കരിങ്കാട്ടിൽ സക്കറിയ കത്തനാർ, കടമ്മനിട്ട പുത്തൻ പുരയ്ക്കൽ ഗീവർഗീസ് കത്തനാർ, ശീമക്കാരൻ സ്ലീബാശെമ്മാശൻ, പരുമല തോപ്പിൽ ഫിലിപ്പോസ് എന്നിവരും ഉണ്ടായിരുന്നു. കേരളത്തിലുണ്ടായിരുന്ന ശീമക്കാരൻ സ്ലീബാ ശെമ്മാശനെ കൊണ്ടുപോയതു ദ്വിഭാഷിയായിട്ടായിരുന്നു.

വിശുദ്ധനാടു സന്ദർശനംകൊണ്ടു കേരളത്തിലെ ജനങ്ങളിൽ 'പുത്തൻ തീ' കത്തിക്കാൻവേണ്ടിയാണ് അദ്ദേഹം ഗ്രന്ഥരചന നടത്തിയതു്, തന്റെ രചനയുടെ ലക്ഷ്യം വായനക്കാരിൽ രൂപാന്തരീകരണം സൃഷ്ടിക്കുക എന്നതാണ്. എഴുത്തുകാരൻ എന്ന നിലയിൽ മലയാള സാഹിത്യത്തിൽ പരുമല തിരുമേനി അവതരിപ്പിച്ചതു രൂപാന്തരീകരണത്തിന്റെ തത്വശാസ്ത്രമാണ്.

## ഈശ്വര തേജസ്

ഭാരത ക്രൈസ്തവ സഭകളിൽ ആദ്യത്തെ പ്രഖ്യാപിത പരിശുദ്ധനാണു പരുമല തിരുമേനി. ഈശ്വര സന്നിധിയിൽ വിശുദ്ധർക്കു പ്രത്യേക സ്ഥാനമുണ്ട്. ഭൂമിയിൽ ജീവിക്കുന്ന മനുഷ്യർക്കുവേണ്ടി ഈശ്വര സന്നിധിയിൽ എത്തിയ വിശുദ്ധർ മധ്യസ്ഥത യാചിക്കുമെന്നാണു വിശ്വാസം.

വിശ്വാസികൾക്കു പരുമല തിരുമേനി ഈശ്വര തേജസിലേക്കു നയിക്കുന്ന മധ്യസ്ഥനാണ് 'ഊർശ്ലേം യാത്രാ വിവരണം' മധ്യസ്ഥന്റെ പ്രാർത്ഥനയാണ്.

> *അതുപോലെ പുത്തൻ തീ എന്ന പ്രയോഗവും പരുമല തിരുമേനിയുടെ സ്വന്തമാണ്. ക്ബറിങ്കലാണു തീ ഉണ്ടാകുന്നത്. വിശ്വാസികൾക്ക് അവിടെ നിന്നു മെഴുകുതിരിയിൽ കത്തിച്ചാണ്. ആ വെളിച്ചം നൽകുന്നത്. വിശ്വാസികൾക്കു കിട്ടുന്ന പുത്തൻ തീ അതാണ്.*



# വിശുദ്ധിയിലേക്കുള്ള തീർത്ഥയാത്ര

*—ഫാ. ജോൺതോമസ്, കരിങ്ങാട്ടിൽ*

മലങ്കരസഭയിലെ ഏകപ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ സന്നിധിയിലേക്കാണു ഇന്ന് എല്ലാ വഴികളും. മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി, രോഗസൗഖ്യത്തിനായി, ആശ്വാസത്തിനായി, സമർപ്പണത്തിനായി ഇങ്ങനെ എല്ലാ വഴികളും പരുമലയിലേക്കു്! നാടിന്റെ വിവിധഭാഗങ്ങളിൽ നിന്നാണു അനേകർ പരുമലയിൽ എത്തുന്നതു്. പെരുനാൾ ദിവസങ്ങളിൽ പുറത്തു് നിന്നും വിദേശത്തു നിന്നും വിശ്വാസികൾ എത്തുന്നുണ്ട്.

പരുമലയിൽ എത്തുന്നവരിൽ അധികവും തീർത്ഥാടനവുമായാണു വരുന്നതു്. നിരവധി ദൂരം യാത്ര ചെയ്തു എത്തുന്ന പദയാത്ര സംഘങ്ങൾ പെരുന്നാൾ ദിവസങ്ങളിലെ പ്രത്യേകതയാണ്.

കേരളത്തിൽ ഇത്രയും അധികം ആളുകൾ പദയാത്രയായി എത്തുന്ന മറ്റൊരു ആദ്ധ്യാത്മിക കേന്ദ്രവും ഇന്നില്ല.

വിശ്വാസത്തിന്റെ ആഴമായ ഹൃദയവുമായി പരുമലയിൽ എത്തുന്ന അനേകർക്ക് വിശുദ്ധിയുടെ സുഗന്ധമായിത്തീരാൻ ഇവിടുത്തെ "ആദ്ധ്യാത്മീക നിറവ്" സഹായിക്കുന്നു.

ഭൗതിക സുഖഭോഗങ്ങളിൽ നിന്നും പരിത്യാഗിയായി പ്രാർത്ഥനയുടെ തപസ്യയിൽ ജീവിതത്തെ പ്രകാശിപ്പിച്ച മുനിവര്യനായ പരുമല മാർ ഗ്രീഗോറിയോസാണു ഈ ആദ്ധ്യാത്മിക നിറവ്.

ഉപവാസത്തിന്റെ കഠിനതയെ മൃദുവും ലഘുവുമാക്കി. ജീവിതത്തെ പ്രോജ്ജ്വലിപ്പിച്ച ദാർശനിക സാത്വികതയാണു ഈ ഋഷിവര്യനിൽ നിറഞ്ഞു നില്ക്കുന്നതു്.

മൗനത്തിൽ ഉറഞ്ഞു കൂടിയ ആദ്ധ്യാത്മികതയിൽ നിന്നും ഉയർത്തെഴുന്നേറ്റ് സമൂഹത്തിൽ ചലനാത്മകത സൃഷ്ടിച്ച സാമൂഹ്യപരിഷ്കർത്താവാണ് പരുമല മാർ ഗ്രീഗോറിയോസ്.

> *ഇന്നു തീപ്പൊരിയായി ചർച്ച ചെയ്യപ്പെടുന്ന 'ദളിത് ദർശനം' ഒരു നൂററാണ്ടിന് മുമ്പ് പ്രായോഗികമാക്കിയത് പരുമല മാർ ഗ്രീഗോറിയോസായിരുന്നു.*

 വിശുദ്ധിയിലേക്കുള്ളതീർത്ഥയാത്ര

## അധഃസ്ഥിതരുടെ ഉന്നമനം

സമൂഹത്തിലെ അധഃസ്ഥിതരുടെ ഉന്നമനത്തിനുള്ള തീവ്രയജ്ഞ പരിപാടികൾ ആ ദാർശനികനിലെ സാമൂഹ്യ ബോധത്തിന്റെ മാറ്റുരയ്ക്കുന്നു. വേർതിരിവിന്റെ നട്ടച്ചുവർ പൊളിച്ച് ഏവർക്കും വിദ്യാഭ്യാസത്തിന്റെ വെളിച്ചം പകരുവാൻ പടുത്തുയർത്തിയ വിദ്യാഭ്യാസ കേന്ദ്രങ്ങൾ വിജ്ഞാനത്തിന്റെ നൈത്തിരി കത്തിച്ചു.

ഇന്നു തീപ്പോരിയായി ചർച്ച ചെയ്യപ്പെടുന്ന 'ദളിത് ദർശനം' ഒരു നൂറ്റാണ്ടിന് മുമ്പ് പ്രയോഗികമാക്കിയത് പരുമല മാർ ഗ്രീഗോറിയോസായിരുന്നു.

കേരളത്തിലെ ദളിത് വിഭാഗങ്ങളുടെ വിമോചനത്തിനായുള്ള ആദ്യത്തെ ശബ്ദം പരുമല മാർ ഗ്രീഗോറിയോസിന്റെതായിരുന്നു. പീഡനം, ചൂഷണം, അടിച്ചമർത്തൽ തുടങ്ങി നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ച് സമൂഹത്തിൽ തൊട്ടുകൂടാത്തവരായി കഴിഞ്ഞവർക്ക് സ്നേഹത്തിന്റെ വിമോചനസന്ദേശം നൽകി കൈപിടിച്ചുയർത്തുവാനായി നടത്തിയ തീവ്രശ്രമം ആദരണീയമായ കർമ്മമേഖലയാണ്.

> *1895 ൽ പ്രസിദ്ധീകരിച്ച 'ഊർശ്ളേം യാത്രാവിവരണം' മലയാളത്തിലെ സഞ്ചാര സാഹിത്യത്തിന് ലഭിച്ച അപൂർവ നിധിയാണു.*

ആശയങ്ങൾ അക്ഷരത്തിലൂടെ പകർന്നു നൽകി ചിന്തകൾക്ക് അക്ഷരത നൽകിയ രചനാശൈലിയുടെ ഉടമയാണു പരുമല മാർ ഗ്രീഗോറിയോസ്. ഇടയലേഖനങ്ങൾ, സ്വകാര്യ കല്പനകൾ, പ്രാർത്ഥനകൾ, പ്രബന്ധങ്ങൾ എന്നിവയിലെ ഗദ്യശൈലി ഗവേഷണപൂർവ്വം പഠനവിധേയമാക്കേണ്ടതാണ്.

1985–ൽ പ്രസിദ്ധീകരിച്ച 'ഊർശ്ളേം യാത്രാവിവരണം' മലയാളത്തിലെ സഞ്ചാര സാഹിത്യത്തിന് ലഭിച്ച അപൂർവ്വ നിധിയാണു. ഇതിലെ ഗദ്യശൈലിയും അവതരണപാടവവും കൗതുകം ജനിപ്പിക്കുന്നവയാണു.

## ബഹുമുഖമായ വ്യക്തിത്വം

ബഹുമുഖമായ വ്യക്തി പ്രഭാവം നിറഞ്ഞു നിന്ന ചൈതന്യമായിരുന്നു അത്. ഒരേ സമയം വിശുദ്ധിയുടെ അത്യുന്നതിയിലേക്കും ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും 'കയറുകയും ഇറങ്ങുകയും' ചെയ്യുവാൻ കഴിഞ്ഞ കർമ്മയോഗിയാണു പരുമല മാർ ഗ്രീഗോറിയോസ്.



 വിശുദ്ധിയിലേക്കുള്ള തീർത്ഥയാത്ര

നിരന്തരമായ പ്രാർത്ഥന, നോമ്പ്, ഏകാന്തത എന്നിവ ജീവിതത്തിന്റെ ഭാഗമാക്കിയെങ്കിലും സമൂഹത്തിന്റെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങി വേദനകളിലും നെടുവീർപ്പുകളിലും മനുഷ്യ ഹൃദയങ്ങളിലേക്ക് ഇറങ്ങിചെന്ന് ആശ്വസിപ്പിക്കുവാൻ കഴിയുന്ന അജപാലനദൗത്യ നിർവ്വഹണമാണു നടത്തിയത്. മാനുഷിക മൂല്യങ്ങളുടെ സംസ്ക്കരണത്തിനായുള്ള പോരാട്ടവും ശ്രദ്ധേയമാണ്.

> *ബഹുമുഖമായ വ്യക്തിപ്രഭാവം നിറഞ്ഞുനിന്ന ചൈതന്യമായിരുന്നു അത്. ഒരേ സമയം വിശുദ്ധിയുടെ അത്യുന്നതിയിലേക്കും ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിലേക്കും 'കയറുകയും ഇറങ്ങുകയും' ചെയ്യുവാൻ കഴിഞ്ഞ കർമ്മയോഗിയാണ് പരുമല മാർ ഗ്രീഗോറിയോസ്.*

സ്നേഹവും സേവനവും സ്വയപരിത്യാഗവും സമ്യക്കായി തീരുന്ന വ്യക്തിത്വമാണിത്. ത്യാഗത്തിന്റെ അജപാലന ശുശ്രൂഷ പ്രകടമാക്കുന്ന ജീവിതശൈലിയും.

വ്യക്തിബന്ധം കാത്തു സൂക്ഷിക്കുന്നതിൽ അതീവ താത്പര്യം പരുമല മാർ ഗ്രീഗോറിയോസ് കാണിച്ചിരുന്നു. വ്യക്തികൾക്ക് അയച്ച 'സ്വകാര്യ കല്പന'കളിൽ ചിലത് സൂക്ഷ്മമായി അപഗ്രഥിച്ചാൽ അതിൽ നിറഞ്ഞു നിൽക്കുന്ന ആത്മാർത്ഥതയും സൗഹൃദവും വ്യക്തമാകും. വ്യക്തിബന്ധം ശിഥിലമാകുന്ന ഈ കാലഘട്ടത്തിൽ ഈ വിശുദ്ധന്റെ വ്യക്തി ബന്ധങ്ങളുടെ മാതൃക സജീവമായ പ്രാധാന്യമർഹിക്കുന്നു.

ഗുരുകുല വിദ്യാഭ്യാസ മാതൃകയിൽ മലങ്കരയിൽ മല്പാൻ പാഠശാല രൂപപ്പെടുത്തുന്നതിനു പരുമല മാർ ഗ്രീഗോറിയോസ് നടത്തിയ ശ്രമങ്ങൾ ഗവേഷണപഠനം അർഹിക്കുന്നുണ്ട്. അഗാധമായ ഗുരുശിഷ്യബന്ധം സ്ഥാപിക്കുന്ന മതബോധനത്തിന്റെ ഈറ്റില്ലമായിരുന്നു ഈ മല്പാൻ പാഠശാലകൾ.

കേരളത്തിലെ ക്രൈസ്തവ മതബോധനത്തിന്റെ തായ്‌വേരുകൾ മല്പാൻപാഠശാലകളിലാണു. മല്പാൻ പാഠശാലകൾക്ക് രൂപം നൽകി ധാരാളം വൈദികരെ ആദ്ധ്യാത്മീക രഹസ്യങ്ങളുടെ ആദിപാഠങ്ങൾ പഠിപ്പിക്കുന്നതിന് പരുമല മാർ ഗ്രീഗോറിയോസ് പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു. കേരളത്തിലെ മല്പാൻ പാഠശാലകളിൽ മുഖ്യസ്ഥാനമാണ് പരുമല സെമി

 വിശുദ്ധിയിലേക്കുള്ള തീർത്ഥയാത്ര

നാരികളുള്ളത്. നിരവധി ശ്രേഷ്ഠരായ ശിഷ്യന്മാരെയാണു പരുമലയിൽനിന്നും വാർത്തെടുത്തത്.

ഗുരുവിന്റെ അലൗകികമായ വ്യക്തി പ്രഭാവത്തിൽനിന്നും വലിച്ചെടുത്ത ആദ്ധ്യാത്മികത ഉൾക്കൊണ്ടു വളർന്ന ശിഷ്യഗണങ്ങൾ ഗുരുവിനോളം വളർന്നു; സഭയുടെ നേതൃത്വസ്ഥാനത്ത് എത്തി. ഉത്തമ ശിക്ഷണത്തിന്റെ സിദ്ധിയാണിത്.

## പ്രകാശ സ്രോതസ്സ്

മലങ്കര സഭയിലെ ഉജ്ജ്വലമായ പ്രാകാശസ്രോതസാണു പരുമല മാർ ഗ്രീഗോറിയോസ് വിശുദ്ധിയുടെയും പരിത്യാഗത്തിന്റെയും ശൈലികൾ ജീവിച്ചിരുന്നപ്പോൾ കാട്ടിക്കൊടുത്തു.

ഒരിടത്ത്മാത്രം ഒതുങ്ങി പ്രാർത്ഥിച്ചും ഉപവസിച്ചും ജീവിതം വിശുദ്ധിയിലേക്കുയർത്തിയ ഒരു പരിശുദ്ധനല്ല പരുമല തിരുമേനി. ലഭ്യമായ താലന്തുകൾ ഉപയോഗിച്ച് സമൂഹത്തിന്റെ സമഗ്രമായ വികസനത്തിനും പുരുക്കത്തിനുമായി അക്ഷീണം ജീവിതം സമർപ്പിച്ച കർമ്മയോഗിയായിരുന്നു ആ പുണ്യാത്മാവ്.

പരുമലയിൽ എത്തി അനുഗ്രഹങ്ങൾ വാങ്ങി തിരികെ പോകുമ്പോൾ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ പ്രഫുല്ലമായ ബഹുമുഖവ്യക്തിത്വത്തിന്റെ ആദ്ധ്യാത്മീക സത്ത ഉൾക്കൊള്ളണം.

യേശുക്രിസ്തുവിൽ സമർപ്പണം ചെയ്യുന്നതിനും ക്രിസ്തുവിലേയ്ക്ക് വളരുന്നതിനും പരുമല തീർത്ഥാടനം വഴിയൊരുക്കണം. ഇത്തരം പുണ്യകേന്ദ്രങ്ങൾ വിശ്വാസികളെ ക്രിസ്തുവിലേക്ക് നയിക്കുന്ന ആദ്ധ്യാത്മീക സങ്കേതങ്ങളാകുന്നു. പരിശുദ്ധന്മാരുടെ ജീവിതശൈലിയും സന്ദേശങ്ങളും ക്രിസ്തുവിങ്കലേക്കു വളരുവാൻ സഹായിക്കുന്നു.

*പരുമല മാർഗ്രീഗോറിയോസ് മാതൃകയാക്കിത്തരുന്നത് സ്നേഹം, സേവനം, പരിത്യാഗം, സാമൂഹ്യസേവനം, വ്യക്തി ബന്ധങ്ങൾ, സാമൂഹ്യ പരിഷ്കരണം, കലാസാഹിത്യസേവനങ്ങൾ എന്നീ വിവിധമേഖലകളിൽ നിരന്തരമായും പ്രതിബദ്ധതയോടുമുള്ള പ്രവർത്തന സരണികളാണ്.*

പരുമല മാർ ഗ്രീഗോറിയോസ് മാതൃകയാക്കിത്തരുന്നത് സ്നേഹം, സേവനം, പരിത്യാഗം, സാമൂഹ്യ സേവനം, വ്യക്തിബന്ധങ്ങൾ, സാമൂഹ്യപരിഷ്കരണം, കലാസാഹിത്യ സേവനങ്ങൾ എന്നീ വിവിധ മേഖലകളിൽ നിരന്തരമായും പ്രതിബദ്ധതയോടുമുള്ള പ്രവർത്തന സരണികളാണു.

പരുമലയിലെ പരിശുദ്ധിയുൾക്കൊണ്ട് പരിശുദ്ധിയുടെ വഴികളിലേക്ക് യാത്രചെയ്യാം. ക്രിസ്തുവിങ്കലേക്ക് വളരാം.......

✻



# പരുമല തിരുമേനി

— വി. വർഗീസ്, മുളക്കുഴ

പരുമല പള്ളി ശതാബ്ദി സ്മാരകമായി പരുമല തിരുമേനി സ്മാരക പ്രഭാഷണപരമ്പരകൾ നടക്കുകയാണല്ലോ. തിരുമേനിയുടെ പ്രവർത്തന മേഖലയെ സ്പർശിക്കുന്ന വിവരങ്ങൾ ഈ സന്ദർഭത്തിൽ പല പ്രസംഗകരും എഴുത്തുകാരും അവതരിപ്പിക്കുന്നുണ്ട്.

അതിവിശുദ്ധമായ ജീവിത നൈർമല്യം, അത്യാദൃശ്യമായ ദൈവഭക്തി, നിസ്തുലമായ വിശ്വാസ സ്ഥിരത എന്നീ മഹദ്ഗുണങ്ങളാൽ അനുഗ്രഹീതനായ പരുമല കൊച്ചുതിരുമേനി ജാതി മത ഭേദമെന്യേ എന്നെന്നും സമാരാധ്യനാണ്. ഒരിക്കൽ സ്മര്യപുരുഷനെ കാണുകയോ കേൾക്കുകയോ ചെയ്തിട്ടുള്ളവർക്കു അദ്ദേഹത്തെ മറക്കുവാൻ സാധ്യമല്ല. അതു കണ്ട് വശ്യശക്തിയും അനുകരണാർഹനുമത്രെ.

## ബാല്യകാലം

ബാല്യത്തിൽ തന്നെ തന്നിൽ രൂഢമൂലമായ ആസ്തത്യബോധം വളരും തോറും വദ്ധിച്ചു കൊണ്ടിരുന്നു. ലോകാഡംബരങ്ങളിൽ നിന്നും അകന്നു് ലളിത ജീവിതം ഇഷ്ടപ്പെട്ടിരുന്നു. വിശുദ്ധന്മാരുടെ ജീവചരിത്ര ഗ്രന്ഥങ്ങളിൽ അതീവ ശ്രദ്ധ ചെലുത്തിയിരുന്നു. സഹപാഠികളിൽ ഒന്നാമൻ എന്ന നിലയിൽ പഠനകാര്യത്തിൽ അസൂയാർഹമായ നില കൈവരിച്ചിരുന്നു.

## ഗുരുഭക്തി

പരുമല തിരുമേനിയുടെ ഗുരുഭക്തി പ്രശംസാർഹമായിരുന്നു. തന്നെ നിലത്തെഴുത്തുപഠിപ്പിച്ചിരുന്ന ഓണക്കാവിൽ 'അയ്യാ' എന്ന ഈഴവയുവാവിനെ താൻ മെത്രാൻസ്ഥാനം ഏററ ശേഷവും മുളന്തുരുത്തിയിൽ വരുത്തി വന്ദ്യ വയോവൃദ്ധനായിരുന്ന ആ ഗുരുനാഥനുമായി കുശലാന്വേഷണങ്ങൾ നടത്തി പാരിതോ

*മലങ്കര സഭയിലെഏകപരിശുദ്ധൻ എന്നപേരിന് തികച്ചും അർഹനായിത്തീർന്ന ഇദ്ദേഹത്തിന്റെ മദ്ധ്യസ്ഥത അനേക ലക്ഷങ്ങൾക്ക് എന്നും ആശ്വാസം പകരുന്നു.*

മലങ്കര സഭയിലെ ഏകപരിശുദ്ധൻ എന്ന പേരിനു് തികച്ചും അർഹനായിത്തീർന്ന ഇദ്ദേഹത്തിന്റെ മദ്ധ്യസ്ഥത അനേക ലക്ഷങ്ങൾക്ക് ഇന്നും ആശ്വാസം പകരുന്നു.

ഷികങ്ങളും നൽകി പറഞ്ഞയയ്ക്കുകയും ചെയ്യാറുണ്ടായിരുന്നു. ആശാൻ ദൂരെനിന്നും വരുന്നതുകാണുമ്പോൾ തന്നെ തിരുമേനി തൽസ്ഥാനത്തുനിന്നും എഴുന്നേററു നിന്ന് ഗുരുവിനോട് സംഭാഷിക്കുമായിരുന്നു. ഒരിക്കലും തിരുമേനി ഇരുന്നുകൊണ്ട് തന്റെ ഗുരുവുമായി സംസാരിക്കുകയില്ലായിരുന്നു.

സൂര്യപുരുഷൻ വിവാഹിതനായികാണുവാൻ തന്റെ പിതാവായ കൊച്ചുമത്തായി ആഗ്രഹിച്ചിരുന്നു. പിതൃസഹോദരൻ ഗീവറുഗീസ് മല്പാൻ ഇക്കാര്യത്തിൽ തികച്ചും എതിരായിരുന്നു. വൈദീക കാര്യങ്ങൾ കേൾക്കുകയും, പഠിക്കുകയും ചെയ്യുന്നതിൽ കാണിച്ച താല്പര്യം, കുട്ടിയുടെ ദൈവഭയം, അനുസരണം, താഴ്മ തുടങ്ങിയ അന്യാദൃശ്യ ഗുണങ്ങളിൽ ആകൃഷ്ടനായ പിതൃസഹോദരൻ, ഗീവറുഗീസ് കത്തനാർ ഇദ്ദേഹത്തെ വൈദീക വൃത്തിയിൽ തന്റെ അനന്തരഗാമിയായി പരിഗണിക്കാൻ അനുവാദം വാങ്ങുകയാണുണ്ടായത്.

## സുറിയാനി പഠനം

ഗീവറുഗീസ് കത്തനാരിൽ നിന്നും സൂര്യപുരുഷൻ സുറിയാനിയിൽ നിപുണതനേടി, സുറിയാനി പഠനത്തിൽ സഹശെമ്മാശന്മാരിൽ ഒന്നാമനായിരുന്നു. കൂടാതെ കണ്ണു ചികിത്സ, മർമ്മാണി ചികിത്സ തുടങ്ങിയവ തന്റെ ശിഷ്യനെ പഠിപ്പിച്ചിരുന്നു. കൊച്ചയ്പ്പോര എന്ന പേരിൽ ബാല്യത്തിൽ അറിയപ്പെട്ടിരുന്ന സൂര്യപുരുഷന്റെ വളർച്ചയിൽ സ്വന്തം സഹോദരി ഏലി വളരെയധികം കഷ്ടപ്പാടുകൾ ഏറെറടുക്കേണ്ടിവന്നു. ബാല്യത്തിലേ തന്നെ മാതാവ് നഷ്ടപ്പെട്ട കൊച്ചയിപ്പോരയ്ക്കു അമ്മയും സഹോദരിയും ഏലിയായിരുന്നു.

> വെട്ടിക്കൽ ദയറായിലെ ജീവിതം തിരുമേനിയെ ആദർശ പുരുഷനാക്കിതീർത്തു. തന്റെ ദൈവീക സ്വരൂപം അതിന്റെ പൂർണ്ണതയിൽ എത്തിയത് ഇക്കാലയളവിലാണ്.

## ദയറാ ജീവിതം

ഇവിടത്തെ ജീവിതം തന്റെ ആദ്ധ്യാത്മീക ജീവിതത്തിൽ കൂടുതൽ പ്രസരിപ്പും ഉത്തേജനവും നൽകുമെന്നുള്ള ശുഭപ്രതീക്ഷയിൽ ഇടവകഭരണത്തിൽ നിന്നും പിന്മാറി വെ





ട്ടിക്കൽ ദയറായിൽ താമസമാക്കി പല പുണ്യശ്ലോകന്മാരുടെയും ജീവിതം സംശുദ്ധമാക്കിയിട്ടുള്ള മതഗ്രന്ഥങ്ങളുടെ പാരായണം, ഉപവാസം, വ്രതാനുഷ്ഠാനങ്ങൾ തുടങ്ങിയവ നിർബാധം ആരംഭിക്കാനും വെട്ടിക്കൽ ദയറാ ജീവിതം ഉപകരിച്ചു. ഇവിടത്തെ ജീവിതം തന്നെ ഒരു ആദർശ പുരുഷനാക്കിത്തീർത്തു. പ്രലോഭനങ്ങൾക്കും ഉന്നതസ്ഥാനമാനങ്ങൾക്കും തന്നിൽ പ്രസക്തി ഇല്ലെന്ന് ലോകത്തിന് കാട്ടിക്കൊടുത്തു. തന്റെ ദൈവീക സ്വഭാവം വികസിച്ച് പൂർണ്ണ വളർച്ചയിൽ എത്തിയത് വെട്ടിക്കൽ ദയറാജീവിതത്തിൽ വച്ചാണ്. വായനയും, പ്രാർത്ഥനയും തന്റെ ജീവിതത്തിലെ ഒഴിച്ചുകൂടാൻ പാടില്ലാത്തതായി, തന്നെ കാണുവാൻ വരുന്നവർക്കുപോലും ഇവ വിലങ്ങുതടിയായിരുന്നു. 1872 ഏപ്രിൽ 7-ാം തീയതി സൂര്യപുരുഷനെ റമ്പാനായി പുലിക്കോട്ടിൽ മാർ ദീവന്ന്യാസിയോസ് തിരുമേനി വാഴിച്ചു.

## മെത്രാൻസ്ഥാനം

1872 ഡിസംബർ 10-ാം തീയതി യാക്കൂബ് ബുർദ്ദാനയുടെ പെരുന്നാൾ ദിവസം പാത്രിയർക്കീസ് ബാവാ പറവൂർ പള്ളിയിൽ വച്ച് രണ്ടുപേർക്ക് മെത്രാൻസ്ഥാനം കൊടുത്തതിൽ ഒന്ന് ഗീവറുഗീസ് റമ്പാനായിരുന്നു. ബാവായുടെ പ്രത്യേക വാത്സല്യം നിമിത്തം അഞ്ചാം പാത്രിയർക്കീസ് എന്ന ബഹുമതിയുള്ള യറുശലേം മെത്രാപ്പോലീത്തായുടെ സ്ഥാനപ്പേരാകുന്ന ‘മാർ ഗ്രീഗോറിയോസ്” എന്ന നാമം തന്നെ നൽകി മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ ഭദ്രാസന ഇടവകയുടെ ഭരണ മേധാവിയായി ഇദ്ദേഹത്തെ വാഴിക്കുകയും ചെയ്തു. ആജീവനാന്തം ദയറാജീവിതം ഇഷ്ടപ്പെട്ടിരുന്ന ഗീവറുഗീസ് റമ്പാനു പുതിയ നിയമനം സ്വീകരിക്കാതിരിക്കാൻ കഴിയാതെ വന്നു. താൻ മെത്രാൻ ആകുമ്പോൾ തനിക്ക് കേവലം 24 വയസ്സായിരുന്നു.

## പരുമലവാസം

പമ്പാനദിയുടെ തീരത്തു സ്ഥിതി ചെയ്യുന്ന പരുമല ഒരുകാലത്തു വേണ്ടത്ര മനുഷ്യവാസമില്ലാതെ ഭീകരതയുണർത്തുന്ന ഒരു ഭൂഭാഗമായിരുന്നു. മാന്നാറിനോട് തൊട്ടടുത്ത കിടക്കുന്ന ഈ പ്രദേശത്തു ആദ്യകാലങ്ങളിൽ പല ബ്രാഹ്മണകുടുംബങ്ങൾ താമസിച്ചിരുന്നു. കുറെക്കാലത്തിനു ശേഷം ഇവർ ഈ പ്രദേശം വിട്ടുപോയിട്ടുള്ളതിന്റെ ലക്ഷണങ്ങൾ എന്നവണ്ണം ചില ഗൃഹങ്ങളുടെ അടിത്തറകളും ചിലടത്തു വലിയ കുളങ്ങളും കാണുവാൻ കഴിയുന്നുണ്ട്. ബ്രാഹ്മണരുടെ പലായനത്തിനു ശേഷം ഇവിടം തികച്ചും കാട്ടുപ്രദേശമായി മാറി. കാനനവാസികളായ പറയവർഗ്ഗത്തിന്റെയും, കടമററത്തു കത്തനാരുടെ കൈയ്യിൽ നിന്നും പിടിതെററി ഓടിവന്ന യക്ഷിയുടെയും സ്ഥിരവാസം ഉറപ്പിച്ച പനയന്നാർകാവു കൂടിയായപ്പോൾ സ്ഥലത്തിന്റെ ഭീക

രത വർദ്ധിച്ചു. ഇപ്പോൾ പ്രസിദ്ധിയേറിയ പരുമലപള്ളിയ്ക്ക് അല്പം വടക്കുമാറി സ്ഥിതിചെയ്യുന്ന ഭദ്രകാളി ക്ഷേത്രത്തിൽ മുൻകാലങ്ങളിൽ ആനവെട്ട്, ആളുവെട്ട്, ആടുവെട്ട് തുടങ്ങിയവ നടന്നിരുന്നു. ആകെപ്പാടെ ഈ സ്ഥലം മുൻകാലങ്ങളിൽ ഭീകരത ഉണർത്തുന്ന ഒരു പ്രദേശമായിരുന്നു.

## അഴിപ്പുര

കൊല്ലം പേഷ്കാരായിരുന്ന രാമരായർ ഈ പ്രദേശം നന്നാക്കിയെടുത്തു നല്ലൊരു കൃഷിഭൂമിയാക്കിത്തീർക്കുന്നതിനായി സമീപ പ്രദേശമായ പാവുക്കര അരികുപുറത്തു കോരുതു മാത്തൻ എന്ന പ്രബലനെ റജിസ്റ്റർ വ്യവസ്ഥകളിൻ പ്രകാരം ഏല്പിച്ചു കൊടുത്തു. ഇദ്ദേഹത്തിന്റെ പ്രവേശനത്തോട് സ്ഥലത്തു് അക്രമികളുടെ ശല്യം നിലച്ചു. കാലാന്തരത്തിൽ അരികുപുറത്തു കുടുംബക്കാർക്ക് ഈ സ്ഥലം സ്വന്തമായി. ഇവിടെ ഒരു ദേവാലയം ഉണ്ടാകണമെന്നുള്ള ആഗ്രഹം അരികുപുറത്തു കോരുതുമാത്തനുണ്ടായി, ഇദ്ദേഹം പുലിക്കോട്ടിൽ മാർ ദീവന്നാസിയോസ് തിരുമേനി പരുമല എഴുന്നെള്ളിയപ്പോൾ തിരുമേനി താല്പര്യപ്പെട്ടസ്ഥലത്തു് ഒരു സെമിനാരി പണിയുന്നതിനാവശ്യമായ 30-തു ദണ്ഡ് സമചതുരസ്ഥലം ദാനമായി 1047 കർക്കടകം 13-ാംതീയതി തിരുമേനിക്ക് എഴുതികൊടുത്തു. താമസിക്കുന്നതിനും, ശെമ്മാശന്മാരുടെ പഠനത്തിനുമായി ''അഴിപ്പുര'' എന്ന പേരിൽ ഒരു സാധാരണ കെട്ടിടവും, തൊട്ടടുത്തു് ഒരു പ്രൈമറിസ്കൂളും ഉയർന്നുവന്നു. പുലിക്കോട്ടിൽ മാർ ദിവന്നാസിയോസ് തിരുമേനി കഥാപുരുഷൻ ഗ്രീഗോറിയോസ് തിരുമേനിയെ ഇവിടെ സുറിയാനി പഠിത്തം കാര്യക്ഷമമായി നടത്തിക്കുന്നതിനും തന്നെ മറ്റുവിധത്തിൽ സഹായിക്കുന്നതിനുമായി നിയോഗിച്ചു. ഈ വിധത്തിൽ കൊച്ചുതിരുമേനി പരുമലയിൽ തന്റെ വാസം ഉറപ്പിച്ചു.

## ഭയന്നോടുന്നു

തിരുമേനിയുടെ അഴിപ്പുരവാസകാലത്തു് നടന്ന ഒരു സംഭവം ഇവിടെ കുറിക്കുന്നു. പൂർണ്ണചന്ദ്ര പ്രശോഭിതമായ ഒരു രാത്രിയിൽ സന്ധ്യാനമസ്ക്കാരവും കുളിയും കഴിഞ്ഞു് തിരുമനസ്സ് തെക്കുവശത്തുള്ള മുററത്തു കൂടി പതിവുപോലെ നടന്നു. ആരോ ഒരാൾ വടക്കുവശത്തുള്ള മേശക്കരികിൽ നില്ക്കുന്നതായി കണ്ടു. കറുത്ത ഒരു രൂപം. നടന്നുതിരിഞ്ഞു വരുമ്പോൾ ആരൂപം അവിടെത്തന്നെയുണ്ട്. അതാരാണ് എന്ന തിരുമേനിയുടെ ചോദ്യത്തിനു് ഞാൻ എന്ന മറുപടി ലഭിച്ചു. ഞാൻ എന്നുപറഞ്ഞാൽ ആരു് എന്നു വീണ്ടും ചോദിച്ചു. അപ്പോൾ ഞാനോ നിന്റെ പിതാവ് എന്നു പ്രത്യുത്തരവും ലഭിച്ചു. നീയോ എന്റെ പിതാവ് എന്നായിതിരുമേനി. അതേ നീ എന്നെ വന്ദിക്കാമെങ്കിൽ ഇതെല്ലാം തരാം. തന്നോട് വാദിക്കാൻ വന്ന ആൾ ആരെന്നു് ശരിക്ക് മനസ്സിലാക്കി തിരുമേനി സഗൗരവം കിഴക്കോട്ടു തിരിഞ്ഞു് കുരിശുവരച്ചു കമ്പിട്ടു് എഴുന്നേററ് ആ സ്ഥലത്തേക്കുനോക്കി ഒന്നു കുരിശുവരച്ചു. അതോടെ അവൻ അവിടെനിന്നും ഭയന്നോടിയിരുന്നു. പതിവില്ലാതെ തിരുമേനി കിടക്കയെ ശരണം പ്രാപിച്ചപ്പോൾ തന്റെ ശിഷ്യഗണങ്ങളുടെ നിർബന്ധത്താൽ സംഭവം മുഴുവൻ അവരോട് പറയുകയാണുണ്ടായതു്.





## വിശുദ്ധനാടുകൾ

തിരുമേനി ലോകരക്ഷിതാവായ യേശുമശിഹായുടെ പരിപാവന പാദസ്പർശനത്താൽ പവിത്രമാക്കപ്പെട്ട ഊർശ്ലേം പട്ടണവും, കർത്താവ് തോട്ടത്തിൽ എത്തി പ്രാർത്ഥിച്ച സമയം ശിഷ്യന്മാർ വിശ്രമിച്ച സ്ഥലവും, മർക്കോസിന്റെ ഭവനമെന്നു് വിശേഷിപ്പിക്കപ്പെട്ട വെൺമാളികയും, കർത്താവിനെ കുരിശിൽ നിന്നിറക്കി വച്ച് കുളിപ്പിച്ച കല്ല്, കുളിപ്പിച്ചുകൊണ്ടിരുന്ന സമയം കന്യാസ്ത്രീയമ്മ നിന്നുകരഞ്ഞു് കൊണ്ടിരുന്ന സ്ഥലം, കർത്താവിനെ കുരിശിച്ച ഗോഗുൽത്താ, കുരിശുമരണ സമയത്തു് പിളർക്കപ്പെട്ടപാറ, ഉയർപ്പിനു ശേഷം കർത്താവ് മറിയ മഗ്ദലനമിനു് പ്രത്യക്ഷപ്പെട്ടസ്ഥലം, കർത്താവിനെ ബന്ധിച്ച തൂണ്, ശതാധിപനായ ലൊഞ്ചിയോസ്സിനെ ശിരച്ഛേദനം ചെയ്തസ്ഥലം, കർത്താവിന്റെ വസ്ത്രം ചിട്ടിയിട്ടസ്ഥലം തുടങ്ങിയവ തന്റെ ജീവിതകാലത്തു ദർശിക്കുവാൻ കഴിഞ്ഞു. ഇതു തന്റെ ചിരകാല പ്രതീക്ഷയുമായിരുന്നു. (തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണത്തിൽനിന്നും).

## അന്ത്യം

1902 നവംബർ 2നു് പരിശുദ്ധ പിതാവ് അനവധി ശിഷ്യഗണങ്ങളുടെയും ഭക്തജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ലോകത്തോട് യാത്രപറഞ്ഞ് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് കടന്നുപോയി.

## കബറിടം

ഇന്നു് പരുമല ഒരു തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞു. പള്ളിയോടു് തൊട്ടുചേർന്നു് തെക്കുവശത്തു് പള്ളിയുടെ പുനരുദ്ധാരണ ജോലികൾ ധ്രുതഗതിയിൽ നടന്നുവരുന്നു. പള്ളിക്കുകിഴക്കു ഭാഗത്തായി നല്ലൊരു ആശുപത്രി പ്രവർത്തിച്ചുവരുന്നു. മനുഷ്യലക്ഷങ്ങളെ ലോകത്തിന്റെ എല്ലാകോണുകളിൽ നിന്നും ജാതിമതഭേദമെന്യേ ഈ പരിശുദ്ധന്റെ കബറിങ്കലേക്ക് ആകർഷിച്ചുകൊണ്ടിരിക്കുന്നു. ആണ്ടുതോറും നടന്നുവരാറുള്ള കബറിങ്കലേക്കുള്ള പദയാത്ര സംഖ്യാതീതമായിക്കൊണ്ടിരിക്കുന്നു.

ഈ പരിശുദ്ധ പിതാവിന്റെ പാവനസ്മരണകൾക്ക് മുൻപിൽ തലകുനിക്കാം.

പുസ്തക പരിചയം

# പാശ്ചാത്യ സംഗീത പ്രവേശിക

—ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

പാശ്ചാത്യ സംഗീത വിജ്ഞാനശാഖയിൽ മലയാളത്തിലുള്ള ആദ്യത്തെ പുസ്തകമാണ് പാശ്ചാത്യ സംഗീതം പ്രവേശിക. ദീർഘകാലം റഷ്യയിലും ഇംഗ്ലണ്ടിലും പഠിച്ച് പാശ്ചാത്യ പൗരസ്ത്യ സംഗീതങ്ങളിൽ വൈദഗ്ദ്ധ്യവും പ്രാവീണ്യവും നേടിയ ഫാ. എം. പി. ജോർജാണ് സംഗീത ലോകത്തിന് ഈ അമൂല്യമായ പഠനം സമർപ്പിച്ചിരിക്കുന്നത്.

ആശയ വിനിമയ മണ്ഡലത്തിൽ (Communication sphere) സംഗീതത്തിന് അദ്വിതീയ സ്ഥാനം ഉണ്ട്. ഏതുതരക്കാർക്കും ആസ്വാദ്യത ജനിപ്പിക്കുവാൻ സംഗീതത്തിനു കഴിയും. ഭാഷാ സംസ്ക്കാരങ്ങൾക്കതീതമായി സഹൃദയരെ സൃഷ്ടിക്കുവാൻ സംഗീതത്തിനു കഴിയുന്നു.

ഭാരതം സംഗീതത്തിനു മുഖ്യ പ്രാധാന്യം നൽകുന്നു. ഭാരതീയ സംഗീത സംസ്ക്കാരത്തിൽ കർണ്ണാടക സംഗീതവും (ദക്ഷിണേന്ത്യൻ സംഗീതം) ഹിന്ദുസ്ഥാനി സംഗീതവും (ഉത്തരേന്ത്യൻ സംഗീതം) ചേർന്നു വരുന്നു. ഇതിനെപ്പററി ഫാ. എം. പി. ജോർജ്

കർണ്ണാടക സംഗീതത്തിൽ ആര്യ ദ്രാവിഡ സംസ്ക്കാരങ്ങളുണ്ടെങ്കിലും ദ്രാവിഡ സംസ്ക്കാരത്തിൻെറ അന്തഃസത്ത ഉൾക്കൊള്ളുന്നതാണ്. ഇന്നത്തെ ഹിന്ദുസ്ഥാനി സംഗീതം എന്നത് ആര്യസംസ്ക്കാരവും പേർഷ്യൻ സംസ്ക്കാരവും തമ്മിലുള്ള സമന്വയമാണ്. (P.9)

വൈവിധ്യമാർന്നസംഗീതശാഖകൾ ശക്തിയാർജ്ജിച്ചിട്ടുണ്ടെങ്കിലും വികസനത്തിൻെറ അത്യുച്ചതിയിലേക്കു് വന്നതു് പാശ്ചാത്യ സംഗീതവും ഭാരതീയ സംഗീതവുമാണ് രണ്ടിനും വിഭിന്നങ്ങളായ ശൈലിയും സങ്കേതവുമാണുള്ളതു്.

പാശ്ചാത്യ സംഗീതത്തിൻെറ പ്രേരണയും സ്വാധീനവും ഭാരതീയ സംഗീതത്തെ ഗ്രസിക്കുന്നതായി സംശയിക്കുന്നു. ചലച്ചിത്ര സംസ്ക്കാരത്തിൽ കൂടി സാധാരണക്കാരിലേക്ക് പാശ്ചാത്യ സംഗീതം അടിച്ചേൽപ്പിക്കപ്പെടുവാൻ ഇടയാകുന്നു.

ഭാരതീയ ലളിതഗാനത്തിലും പാശ്ചാത്യ സംഗീത ഉപകരണങ്ങൾ ജി. ദേവരാജൻ, എം. ബി. ശ്രീനിവാസൻ തുടങ്ങിയ സംഗീതജ്ഞർ ഉപയോഗിച്ചതും പുതിയൊരു സംഗീതതലം സൃഷ്ടിച്ചു. ഈ





സാഹചര്യങ്ങളിൽ പാശ്ചാത്യ സംഗീതത്തിൻെറ സമ്പ്രദായങ്ങൾ വ്യക്തമാക്കുന്ന ഗ്രന്ഥമാണ് പാശ്ചാത്യ സംഗീത പ്രവേശിക.

പാശ്ചാത്യ സ്വാധീനം ഭാരതീയ സംഗീതത്തിൽ വന്നതോടെ കൂടുതൽ മനോഹാരിത വന്നു (P.11) എന്ന നിഗമനത്തിൻെറ ? വെളിച്ചത്തിലാണ് പത്ത് പാഠ (അദ്ധ്യായം) ങ്ങളിലായി പാശ്ചാത്യ സംഗീത പ്രവേശിക തയാറാക്കിയിരിക്കുന്നതു്.

പാശ്ചാത്യ സംഗീതത്തിൻെറ പ്രാരംഭപാഠങ്ങളാണ് ആദ്യത്തെ മൂന്ന് പാഠങ്ങളിൽ. ക്വയറിൻെറ ആലാപന രീതികൾ, ക്രമീകരണം, നടത്തിപ്പ് (Conducting) എന്നിവയുടെ വിവിധ വശങ്ങൾ ദീർഘമായി ചർച്ചചെയ്യുന്നു. പാശ്ചാത്യ സംഗീതത്തിലെ സാങ്കേതിക പദങ്ങളുടെ അർത്ഥവും (Glossary) സംഗീതത്തിലെ കലാരൂപങ്ങളും പ്രധാനപ്പെട്ട സംഗീത ഉപകരണങ്ങളുടെ പഠനവും വിശദമായി നൽകിയിരിക്കുന്നതു് ശ്രദ്ധേയമാണ്.

പാശ്ചാത്യ സംഗീതത്തിൻെറ ഉത്ഭവവും വളർച്ചയും ആദിമുതൽ അവതരിപ്പിക്കുന്നു. ജീവിതം മുഴുവൻ സംഗീതം തപസ്യയാക്കിയ പാശ്ചാത്യ സംഗീതജ്ഞരുടെ ജീവചരിത്രവും സംക്ഷിപ്തമായി ചേർത്തിട്ടുണ്ട്.

ഭാരതീയ സംഗീതം ഹൈന്ദവ ഭക്തി കീർത്തനങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടതുപോലെ പാശ്ചാത്യ സംഗീതം ആരാധനാ സംഗീതത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്നതാണെന്ന് ഫാ. എം. പി. ജോർജ് സ്ഥാപിക്കുന്നു. കൂടുതൽ കാര്യക്ഷമമായ ഗവേഷണ പഠനം ഈ രംഗത്തുണ്ടാകണം.

പാശ്ചാത്യ സംഗീത പ്രവേശികയുടെ ലക്ഷ്യം വ്യക്തമാക്കിയാണ് പുസ്തകം ഉപസംഹരിക്കുന്നതു്.

'സംഗീതം കളിമണ്ണുപോലെയാണ്. അതിനെ ഏതുരീതിയിൽ മെനയുന്നുവോ അതുപോലെയിരിക്കും അതിൻെറ രൂപവും ഭംഗിയും. സംഗീതജ്ഞാനം ആർജ്ജിക്കുക എന്നുള്ളതു് അത്യന്താപേക്ഷിതമാണ്. സംഗീതജ്ഞാനമർജ്ജിച്ച് പാടുന്നതാവും ഉത്തമം. പാടുന്നതുപോലെ പരമപ്രധാനമാണ് സംഗീത ആസ്വാദനം. സംഗീത ശാസ്ത്രം അഭ്യസിച്ച സംഗീതജ്ഞന്മാരുടെ ജ്ഞാനം യഥാർത്ഥമായി മനസിലാക്കണമെങ്കിൽ അതു് ആസ്വദിക്കുന്നവരിലും ഒരളവിൽ ഈ ജ്ഞാനം ആവശ്യമാണ്. അതിൻെറ തുടക്കമായി ഈ ഗ്രന്ഥം ആയിതീരട്ടെ. (P. 167)

സംഗീത വിജ്ഞാനീയത്തിലെ പാഠപുസ്തകമായ ഇതു് സംഗീതം അഭ്യസിക്കുന്നവർക്കും ആസ്വദിക്കുന്നവർക്കും ഒരുപോലെ സംഗീത വിജ്ഞാനം പകരുന്നു. പാശ്ചാത്യ സംഗീതത്തിൻെറ വിവിധ ഭാവങ്ങളും വിഭാഗങ്ങളും ഉത്ഭവവും വളർച്ചയും വ്യക്തവും ലളിതവുമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. പ്രശസ്ത സംഗീതജ്ഞൻ ജി. ദേവരാജിൻെറ പ്രൗഢമായ അവതാരികയും ഉണ്ട്.

ഓർത്തഡോക്സ് വൈദിക സെമിനാരി ശ്രുതി സ്കൂൾ ഓഫ് ലിററർജിക്കൽ മ്യൂസിക്കാണ് 'പശ്ചാത്യ സംഗീത പ്രവേശികയുടെ വിതരണം വില 95 രൂപ

# ★ വാർത്തകൾ ★

## ഡിസ്ട്രിക്ട് സമ്മേളനങ്ങൾ

### സണ്ടേസ്കൂൾ

ഉമയാറ്റുകര ഡിസ്ട്രിക്റ്റ് സണ്ടേസ്കൂൾ അദ്ധ്യാപകരുടെ ഏക ദിനസമ്മേളനം തിരുവൻവണ്ടൂർ പള്ളിയിൽ നടത്തി. അഭി. തോമസ് മാർ അത്താനാസിയോസ് തിരുമേനി, ഫാ. നൈനാൻ വി. ജോർജ്, ഫാ. മാത്യു കോശി, ഫാ. ജേക്കബ് മാത്യു, ഭദ്രാസന ഡയറക്ടർററി. ഈ ജോസഫ്, വി. ഐ. തോമസ്, സി. എസ്. മാത്യു ചെമ്പകമഠം, സി. എം. തങ്കച്ചൻ, ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടർ കെ. എം. മത്തായി, പി. വി. സഖറിയാ ഏബ്രഹാം തോമസ്, സിസ്റ്റർ സോഫിയാ എന്നിവർ നേതൃത്വം നല്കി.

### വനിതാ സമാജം

മർത്തമറിയം സമാജം ഉമയാററുകര ഡിസ്ട്രിക്റ്റ് സമ്മേളനം തൈമ റവുംകര സെ. ഗ്രീഗോറിയോസ് സണ്ടേസ്കൂളിൽ നടത്തി. വികാരി ഫാ. ററി. ജി. ജോൺ, ഫാ. ജോസ് പെരുമാൾ ഫാ. ജേക്കബ് ചെറിയാൻ ഫാ. ജേക്കബ് മാത്യു, നൈനാൻ വർഗീസ്, മറിയാമ്മ ചാക്കോ, ഡി. സെക്രട്ടറി മേരിക്കുട്ടി ശാമുവേൽ, ഏലിയാമ്മ വറുഗീസ് എന്നിവർ നേതൃത്വം നല്കി.

### ബാലികാ സമാജം

ചെങ്ങന്നൂർ ഡി. മീററിംഗ് കോട്ടകളഞ്ഞി പ്രകാശഗിരി പള്ളിയിൽ നടത്തി. വികാരി ഫാ. തോമസ് ജോസഫ്, ഫാ. ഫിലിപ്പ് ജേക്കബ്, അന്നമ്മ ജോർജ്, അന്നമ്മ ജോസഫ്, സൂസൻ മാത്യു, മറിയാമ്മ കുഞ്ഞപ്പി എന്നിവർ നേതൃത്വം നല്കി.

### യുവജന പ്രസ്ഥാനം

ഇടവങ്കാട് ഡിസ്ട്രിക്റ്റ് വാർഷിക സമ്മേളനം പെരിങ്ങലിപ്പുറം സെ. ജോർജ് പള്ളിയിൽ നടത്തി. ഫാ. കെ. എസ്. ശാമുവേൽ, ഫാ. കര്യൻ ഡാനിയേൽ, ഫാ. ജോബ്സൺ കോട്ടപ്പുറം, ഫാ. ഗീവർഗീസ് ജോൺ, ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, രാജീവ് വേണാട്ട്, ഓർഗ നൈസറന്മാരായ എം. ജോൺസൺ, മനോജ് ജോർജ്, റോജി കെ. ഏബ്രഹാം, റോയി ശമുവേൽ, ഇടവകട്രസ്റ്റി കൊച്ചുമ്മൻ മലമേൽ, തോമസ് പനവിളയിൽ, റജി ശാമുവേൽ എന്നിവർ നേതൃത്വം നല്കി. സമ്മേളനത്തിൽ 9 യൂണിററ കളിൽ നിന്നായി 103 പ്രതിനിധികൾ പങ്കെടുത്തു.



### അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ്

പന്തളം അഖില മലങ്കര ബാലസമാജം വാർഷിക ക്യാമ്പ് കര മ്പാല സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ ഒക്ടോബർ 19, 20, 21 തീയതികളിൽ നടത്തും.

പരിശുദ്ധകാതോലിക്കാ ബാവാ, തോമസ് മാർ അത്താനാസിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, ഡോ. മാത്യൂസ് മാർ സേവേറി യോസ് എന്നീ തിരുമേനിമാർ മുഖ്യനേതൃത്വം നൽകും.

ഫാ. മാത്യുവർഗീസ് ജനറൽ കൺവീനറും കെ. ജി. ദാനിയേൽ പ്രൊഫ. എൻ. ജി. ശാമുവേൽ എന്നിവർ ജോയിൻറ് കൺവീനറുമായി 101 അംഗകമ്മിററിയെ തെരഞ്ഞെടുത്തു.

ഫാ. മത്തായി വിലനിലം അദ്ധ്യക്ഷം വഹിച്ച യോഗത്തിൽ ഫാ. ദാനിയേൽ പുല്ലേലിൽ, ഫാ. മാത്യു വർഗീസ്, ഫാ. മാത്യു കോശി, ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ എന്നിവർ പ്രസംഗിച്ചു.

### അദ്ധ്യാപക പരിശീലനം

ചെങ്ങന്നൂർ ഭദ്രാസന സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന ക്ലാസ് ഒക്ടോബർ 19, 20, 21 തീയതികളിൽ ബഥേൽ അരമനയിൽ നടത്തും.

### യുവജന സമ്മേളനം

പന്തളം ഡിസ്ട്രിക്റ്റ് യുവജന പ്രസ്ഥാനം സമ്മേളനം അറത്തിൽ സെൻറ് ജോർജ് പള്ളിയിൽ നടത്തി.

ഫാ. ജോബ്സൺ കോട്ടപ്പുറം ക്ലാസ്സെടുത്തു. വികാരി ഫാ. സി. പി. ചാക്കോ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ ഉദ്ഘാടനം ചെയ്തു. ഫാ. ഗീവറുഗീസ് ജോൺ, ഭദ്രാസന സെക്രട്ടറി ജേക്കബ് ഉമ്മൻ, സി. ററി. ചെറിയാൻ, രാജീവ് വേണാട്, റോയി സാമുവേൽ, ബെന്നി മാത്യു പുതിയവീട്ടിൽ, ജോജി എം. എസ്, ഡിസ്ട്രിക്റ്റ് ഓർഗനൈസർ എം. ജോൺസൺ എന്നിവർ പ്രസംഗിച്ചു.

100 പ്രതിനിധികൾ പങ്കെടുത്തു.

### അറിയിപ്പ്

ബഥേൽ പത്രികയുടെ മുഴുവൻ കടിശ്ശിഖക്കാർക്കും പോസ്ററ് കാർഡ് അയച്ചുകഴിഞ്ഞു. ഇത്രമാത്രം കടിശ്ശിഖക്കാരെ നിലനിർത്തിക്കൊണ്ട് ബഥേൽ പത്രികയെപ്പോലെയുള്ള ഒരു ചെറിയ മാസികയ്ക്ക് നില നിൽക്കാനാവുകയില്ല. ആയതുകൊണ്ട് എല്ലാ കടിശ്ശിഖക്കാരും അവരവരുടെ കടിശ്ശിഖത്തുക കഴിവതുംവേഗം എഡിററർ, ബഥേൽ പത്രിക, ബഥേൽ അരമന, ചെങ്ങന്നൂർ – 689 121 എന്ന വിലാസത്തിൽ അയച്ചു തന്ന് സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. കഴിവുള്ള എല്ലാ വായനക്കാരും അഭ്യുദയ കാംക്ഷികളും 250 രൂപാ ഓഫീസിൽ അടച്ച് ആയുഷ്കാല വരിക്കാരാവുകയാണെങ്കിൽ മാസികയുടെ സാമ്പത്തികനില ഭദ്രമാകുമായിരുന്നു.

എം. എ. ജേക്കബ്, സർക്കുലേഷൻ മാനേജർ

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

# BETHEL PATHRIKA

*"Your Confidence in us is Our Strength.
Your Prosperity is Our Business.
Our Success Depends On You."*

സേവനത്തിന്റെ
ദശാബ്ദിയിലേക്ക്

## പുതുവന സാനിറേഷൻസ്

എം. സി. റോഡ്, ചെങ്ങന്നൂർ.
ഫോൺ 452444

*OUR MATERIALS :-*

*INDIA'S LARGEST SELLING HINDUSTAN SANITARY WARES, SOMANY GLAZED TILES, SOMANY FLOOR TILES DECORA GLAZED TILES. REGENCY FLOOR TILES, LAXMI, CROMPTON, L. P. C MOTOR & PUMPS AND ALL OTHER PLUMPING MATERIALS...*

OUR TILES DIVISION

## PUTHUVANA WALLS & FLOORS

M. C. ROAD, CHENGANNUR.

"WE MAKE YOUR BATHROOM A ROOM TOO"

Printed and Published by Fr. P.G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR Editor Fr. P. G. George